OASIS
NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service

STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE

**Vol. 4** Book 8 **Regd. NoER/450/2001** 1197 കർക്കടകം –1198 ചിങ്ങം ഓഗസ്റ്റ് **31.08.2022**

## പത്രാധിപക്കുറിപ്പ്



**കെ. രാജീവൻ**

**രണ്ടു ശതാബ്ദങ്ങൾ നീണ്ടു നിന്ന ഐതിഹാസിക സഹന സമരങ്ങളുടേയും വീരോചിത പോരാട്ടങ്ങളുടേയും ഫലമായി നേടിയെടുത്ത ഭാരത സ്വാതന്ത്ര്യത്തിന്റെ പ്ലാറ്റിനം ജൂബിലി ഈ വർഷം ആഗസ്റ്റ് 15–ാം തിയതി "ആസാദി കാ അമൃത് മഹോത്സവ്" ആയി ആഘോഷിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികവും രാഷ്ട്രത്തിന്റെയും ജനങ്ങളുടെയും സംസ്കാരത്തിന്റെയും നേട്ടങ്ങളുടെയും മഹത്തായ ചരിത്രവും ആഘോഷിക്കുന്നതിനും സ്മരിക്കുന്നതിനുമായി ഇന്ത്യാ ഗവൺമെന്റ് തുടങ്ങി വച്ച സംരംഭമാണ് 'ആസാദി കാ അമൃത് മഹോത്സവ്'.**

**ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഔദ്യോഗിക യാത്ര 2021 മാർച്ച് 12-ന് ആരംഭിച്ചു, അതോടെ നമ്മുടെ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിനായുള്ള 75 ആഴ്ച കൗണ്ട്ഡൗൺ ആരംഭിച്ചു, ഒരു വർഷത്തിനുശേഷം 2023 ഓഗസ്റ്റ് 15-ന് അവസാനിക്കും. ഇന്ത്യയെ അതിന്റെ പരിണാമ യാത്രയിൽ ഇതുവരെ എത്തിക്കുന്നതിൽ നിർണായക പങ്കുവഹിച്ച ഇന്ത്യയിലെ ജനങ്ങൾക്ക് ഈ മഹോത്സവം സമർപ്പിച്ചിരിക്കുന്നു.**

# ദേശീയ പതാക

**ഇന്ത്യൻ ദേശീയ പതാക മുഴുവൻ രാജ്യത്തിനും ദേശാഭിമാനത്തിന്റെ പ്രതീകമാണ്. നമ്മുടെ പതാകയെ കൂടുതൽ ആദരിക്കുന്നതിനായി, എല്ലായിടത്തുമുള്ള ഇന്ത്യക്കാരെ അവരുടെ വീട്ടിൽ ദേശീയ പതാക ഉയർത്താൻ ഇത് വിഭാവനം ചെയ്യുന്നു. എല്ലാ വീട്ടിലും ത്രിവർണ്ണ പതാക ഉയർത്തുന്നത് ജനങ്ങളുടെ ഹൃദയങ്ങളിൽ ദേശസ്നേഹവും നമ്മുടെ ദേശീയ പതാകയെക്കുറിച്ചുള്ള ആദരവും അവബോധവും വളർത്തുന്നതിന് സഹായിക്കുമെന്ന് കരുതന്നു.**




**ത്രിവർണ്ണപതാകയെ ആദരിച്ച് 1947ൽ പുറത്തിറക്കിയ മൂന്നര അണയുടെ പോസ്റ്റൽ സ്റ്റാമ്പ്**

**വീട്ടിൽ ദേശീയ പതാക പ്രദർശിപ്പിക്കാമോ?**

**ഇന്ത്യയുടെ പതാക കോഡിന്റെ ഖണ്ഡിക 2.2 അനുസരിച്ച്, ദേശീയ പതാകയുടെ അന്തസ്സിനും ബഹുമാനത്തിനും അനുസൃതമായി ഒരു പൊതു അംഗത്തിനോ സ്വകാര്യ സ്ഥാപനത്തിനോ വിദ്യാഭ്യാസ സ്ഥാപനത്തിനോ എല്ലാ ദിവസങ്ങളിലും അവസരങ്ങളിലും ദേശീയ പതാക ഉയർത്തുകയോ പ്രദർശിപ്പിക്കുകയോ ചെയ്യാം.**

**തുറസ്സായ സ്ഥലത്ത്/വീട്ടിൽ ദേശീയ പതാക ഉയർത്തുന്നതിനുള്ള സമയം എന്താണ്?**

**2002 ലെ ഫ്ലാഗ് കോഡ് ഓഫ് ഇന്ത്യ 2022 ജൂലൈ 20-ലെ ഉത്തരവ് പ്രകാരം ഭേദഗതി ചെയ്യുകയും ഇന്ത്യയുടെ പതാക കോഡിന്റെ ഭാഗം-II-ലെ ഖണ്ഡിക 2.2- ന്റെ ക്ലോസ് (xi) ഇനിപ്പറയുന്ന വ്യവസ്ഥ ഉപയോഗിച്ച് മാറ്റുകയും ചെയ്തു:**

"പതാക ഉയർത്തുകയോ പൊതുജനങ്ങളുടെ വീട്ടിൽ പ്രദർശിപ്പിക്കുകയോ ചെയ്യുന്നിടത്ത് അത് രാവും പകലും പറത്താം"



മഞ്ഞണിഞ്ഞ പർവ്വതമുകളിലും പതാകയുയർത്തുന്ന ധീരജവാന്മാർ

വീട്ടിൽ ദേശീയ പതാക പ്രദർശിപ്പിക്കുമ്പോൾ എന്താണ് ശ്രദ്ധിക്കേണ്ടത്?

- ദേശീയ പതാക പ്രദർശിപ്പിക്കുമ്പോഴെല്ലാം, അത് ബഹുമാന്യ സ്ഥാനം വഹിക്കുകയും വ്യക്തമായി സ്ഥാപിക്കുകയും വേണം. കേടായതോ അഴുകിയതോ ആയ ദേശീയ പതാക പ്രദർശിപ്പിക്കാൻ പാടില്ല.

ദേശീയ പതാകയുടെ തെറ്റായ പ്രദർശനം ഒഴിവാക്കാൻ എന്താണ് ശ്രദ്ധിക്കേണ്ടത്?

- ദേശീയ പതാക വിപരീത രീതിയിൽ പ്രദർശിപ്പിക്കരുത്; അതായത്; കുങ്കുമ നിറം താഴെയുള്ള ബാൻഡ് ആയിരിക്കരുത്.
- കേടായതോ അഴുകിയതോ ആയ ദേശീയ പതാക പ്രദർശിപ്പിക്കാൻ പാടില്ല
- ഏതെങ്കിലും വ്യക്തിക്കോ വസ്തുവിനോ ഉള്ള സല്യൂട്ട് എന്ന നിലയിൽ ദേശീയ പതാക താഴ്ത്തരുത്.
- മറ്റേതെങ്കിലും പതാകയോ ബണ്ടിംഗോ ദേശീയ പതാകയ്ക്ക് മുകളിലോ അരികിലോ സ്ഥാപിക്കരുത്.
- ദേശീയ പതാക ഉയർത്തുന്ന കൊടിമരത്തിൽ പതാകയുടെ മുകളിലോ അതിനു മുകളിലോ പൂക്കളും മാലകളും ചിഹ്നങ്ങളും ഉൾപ്പെടെയുള്ള ഒരു വസ്തുവും സ്ഥാപിക്കാൻ പാടില്ല.
- ദേശീയ പതാക ഒരു തോരണം കെട്ടുകയോ, റോസാപ്പൂവാകൃതിയിൽ അലങ്കാരമായി ധരിക്കുന്ന വർണ്ണ റിബൺ പോലെ ആക്കുകയോ വലയുടെ സഞ്ചി പോലെയോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിൽ അലങ്കാരത്തിനായി ഉപയോഗിക്കുകയോ അരുത്.
- ദേശീയപതാക നിലത്തോ തറയിലോ വെള്ളത്തിലോ തൊടാൻ അനുവദിക്കില്ല
- ദേശീയ പതാക കേടുവരുത്തുന്ന തരത്തിൽ പ്രദർശിപ്പിക്കുകയോ ഉറപ്പിക്കുകയോ ചെയ്യരുത്
- ദേശീയ പതാക മറ്റേതെങ്കിലും പതാകയോടോപ്പം ഒരേസമയം ഒരു കൊടിമരത്തിൽ നിന്ന് (കൊടിമരത്തിന്റെ മുകൾ ഭാഗം) പറക്കാൻ പാടില്ല.
- ദേശീയ പതാക മേശ മറയ്ക്കാനോ സ്പീക്കറുടെ പ്ലാറ്റ്ഫോമിൽ പൊതിയാനോ പാടില്ല.
- ദേശീയ പതാക ഒരു വ്യക്തിയുടെ അരയ്ക്ക് താഴെ ധരിക്കുന്ന വസ്ത്രധാരണത്തിന്റെയോ യൂണിഫോമിന്റെയോ അനുബന്ധമായോ ഉപയോഗിക്കില്ല,
- തലയണകൾ,, തൂവാലകൾ, നാപ്കിനുകൾ, അടിവസ്ത്രങ്ങൾ അല്ലെങ്കിൽ വസ്ത്രധാരണ സാമഗ്രികൾ എന്നിവയിൽ എംബ്രോയ്ഡറി ചെയ്യുകയോ അച്ചടിക്കുകയോ ചെയ്യരുത്.



1943 ഡിസംബർ മാസം 30-ാം തിയതി പോർട്ട് ബ്ലെയറിൽ നേതാജി സുഭാഷ്ചന്ദ്ര ബോസ്സ് ദേശീയ പതാക ഉയർത്തുന്ന അപൂർവ്വ ചിത്രം

## സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ



അസോസ്സിയേഷന്റെ തിരുവനന്തപുരം സ്റ്റാച്യൂവിലുള്ള ഏരിയാ ഓഫീസ് പരിസരത്ത ഓഗസ്റ്റ് 15 ന് 10 മണിക്ക് പതാക ഉയർത്തി. അറുപതില്പ്പരം അംഗങ്ങൾ ആവേശപൂർവ്വം ചടങ്ങിൽ പങ്കെടുത്തു. ജനറൽ സെക്രട്ടറി ജയകുമാർ എ., രക്ഷാധികാരി ജോൺ ജോസഫ്, ഡി.ജി.എസ്സ്., എം.എസ്സ്. അയ്യർ. ജില്ലാ പ്രസിഡന്റ് എ. ആർ സോമനാഥൻപിള്ള, വൈസ് പ്രസിഡന്റ് രാധാദേവി. പി.വി. ജില്ലാ സെക്രട്ടറി ജോസഫ്. വി.എൽ. ട്രഷറർ എസ്സ്.എ.റഹ്മാൻ, ജോയിന്റ് സെക്രട്ടറി. എസ്സ് വിജയകുമാരൻ നായർ, അസിസ്റ്റന്റ് ട്രഷറർ. രാമസ്വാമി, കമ്മറ്റി അംഗങ്ങൾ, കുടുംബാഗങ്ങൾ എന്നിവർ പങ്കെടുത്തു.

ജനറൽ സെക്രട്ടറി എ. ജയകുമാർ, പ്രസിഡന്റ് എ.ആർ സോമനാഥൻപിള്ള , തിരുവനന്തപുരം ശാഖാ ചീഫ് മാനേജർ ശിവകുമാർ ജില്ലാ സെക്രട്ടറി ജോസഫ്.വി.എൽ എന്നിവർ അംഗങ്ങളെ അഭിസം ബോധന ചെയ്തു.





സ്വാതന്ത്ര്യ ദിനത്തിനു മുൻപ് ജനിച്ച അംഗങ്ങളായ കെ.എസ്സ് പണിക്കർ , എൻ ശശിധരൻ എന്നിവരെ ജനറൽ സെക്രട്ടറി ജയകുമാർ എ., പൊന്നാട അണിയിച്ച് ആദരിച്ചു. തുടർന്ന് അഗങ്ങളുടെ ദേശഭക്തി ഗാനാലപനവും ഉണ്ടായിരുന്നു.



കൊല്ലം മുഖ്യ ശാഖയിൽ നടന്ന സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ പെൻഷൻകാരുടെ പങ്കാളിത്തം



കോഴിക്കോട് മുഖ്യ ശാഖയിൽ നടന്ന സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ നമ്മുടെ സംസ്ഥാന പ്രസിഡന്റ് കെ.രാജീവനടക്കം പ്രവർത്തകർ പങ്കെടുക്കുന്നു

.



സംസ്ഥാന പ്രസിഡന്റ് കെ. രാജീവൻ കോഴിക്കോട് മുഖ്യ ശാഖയിൽ നടന്ന സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ

# വേറിട്ട പ്രകടനവുമായി ടീം എറണാകുളം

15.8.22 –ാം തിയതി രാവിലെ 8.30ന് പാലാരിവട്ടത്തുള്ള അസോസ്സിയേഷൻ ഓഫീസിന്റെ ഗ്രൗണ്ട് ഫ്ലോറിൽ സ്വാതന്ത്ര്യത്തിന്റെ 75–ാം വാർഷികം ആഘോഷിച്ചു. 15.8.1947-നോ അതിനുമുമ്പോ ജനിച്ച മുതിർന്ന സൈനികർ ഉൾപ്പെടെ 59 അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു. ജില്ലാ സെക്രട്ടറി സി.ജി.രാജഗോപാൽ സ്വാഗതം ആശംസിച്ചു. തുടർന്ന് ജില്ലാ പ്രസിഡന്റ് ടി.ഒ.ജോൺ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. രണ്ട് മുതിർന്ന പെൻഷൻകാരായ വി.കൃഷ്ണനും കെ.വാസുദേവൻ നായരും ചേർന്ന് ദേശീയ പതാക ഉയർത്തി. ജില്ലാ വൈസ് പ്രസിഡന്റ് പി.ജെ.പാപ്പച്ചൻ സ്വാതന്ത്ര്യദിന സന്ദേശം നല്കി. ജില്ലാ ട്രഷറർ ടി.വി.രാജാമണി, സ്വാതന്ത്ര്യ ദിന ഗാനം ആലപിച്ചു.



പരിപാ ടിയിൽ പങ്കെടുത്ത അംഗങ്ങൾ

15.8.22-ന് 75 വയസ്സ് പൂർത്തിയാക്കിയ 28 മുതിർന്ന പെൻഷൻകാരെ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ജോസഫ് പാലക്കൽ പൊന്നാട അണിയിച്ച് ആദരിച്ചു.

മുതിർന്ന പെൻഷൻകാരിലൊരാളായ പി.എ.എബ്രഹാമി ന്റെ 75–ാം ജന്മദിനമായ 15.8.22 ന് അദ്ദേഹത്തിന് ജന്മദിനാശംസകൾ നേർന്നു.



പി.എ.എബ്രഹാമിന് ജന്മദിനാശംസകൾ നേർന്ന് ഡിജിഎസ് ജോസഫ് പാലക്കൽ.



പ്രതിജ്ഞ എടുക്കുന്ന പ്രവർത്തകർ .

ജോയിന്റ് സെക്രട്ടറി സി ആർ ഷാജി നന്ദി പറഞ്ഞു. പങ്കെടുത്തവർക്കെല്ലാം അടുത്തുള്ള റസ്റ്റോറന്റിൽ പ്രഭാതഭക്ഷണം നൽകി.

# ലോക അവയവദാന ദിനം

അവയവദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനും അതിനായി പ്രതിജ്ഞയെടുക്കാൻ ആളുകളെ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് എല്ലാ വർഷവും ഓഗസ്റ്റ് 13 ലോക അവയവദാന ദിനമായി ആചരിക്കുന്നത്.

ഓരോ വർഷവും കുറഞ്ഞത് 5 ലക്ഷത്തിലധികം ഇന്ത്യക്കാർ അവരുടെ പ്രധാന അവയവങ്ങളുടെ പ്രവർത്തന പരാജയം കാരണം മരിക്കുന്നു. തങ്ങളുടെ ദുരന്തപൂർണ്ണമായിത്തീരുന്ന ജീവിതങ്ങളെ രക്ഷിച്ച് സമൂഹത്തിലേയ്ക്ക് തിരിച്ചെത്തിക്കാൻ അവയവ ദാനം ചെയ്യുന്ന ഒരാൾക്ക് കഴിയും. പ്രതീക്ഷിച്ചതിലും കൂടുതൽ ജീവിതകാലം വർധിപ്പിച്ചുകൊണ്ട്. അവരുടെ സുന്ദരമായ ജീവിതത്തിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ഒരു പ്രധാന പങ്കുണ്ട്. അവയവം മാറ്റിവെക്കപ്പെട്ട വ്യക്തിയുടെ ജീവിതത്തിൽ അവയവ ദാതാവ് ദൈവത്തിന്റെ പങ്ക് വഹിക്കുന്നു.

**ഹൃദയം, വൃക്ക, പാൻക്രിയാസ്, ശ്വാസകോശം, കരൾ, കുടൽ, കൈകൾ, മുഖം, കോശങ്ങൾ, മജ്ജ, മൂലകോശങ്ങൾ എന്നിവ ദാനം ചെയ്യാമെന്ന് പ്രതിജ്ഞയെടുക്കുന്നതിലൂടെ ഒരാൾക്ക് വിട്ടുമാറാത്ത രോഗങ്ങളിൽ നിന്ന് എട്ട് ജീവൻ വരെ രക്ഷിക്കാനാകും.**

അതിനാൽ മരണാനന്തരം അവയവങ്ങൾ ദാനം ചെയ്യാൻ സന്നദ്ധരാകുന്നത് പലരുടെയും ജീവിതത്തെ മാറ്റിമറിക്കുമെന്ന് മനസ്സിലാക്കാൻ ആളുകളെ സഹായിക്കാൻ ഈ ദിവസം ശ്രമിക്കുന്നു, ഏത് പ്രായത്തിലുള്ളവർക്കും അവരുടെ അവയവങ്ങൾ ആവശ്യമുള്ള ഒരാൾക്ക് ദാനം ചെയ്യാൻ കഴിയും. ഒരു ദാതാവ് 18 വയസ്സിന് താഴെയുള്ള ആളാണെങ്കിൽ, ഒരു അവയവ ദാതാവായി സ്വയം രജിസ്റ്റർ ചെയ്യുന്നതിന് അവർക്ക് മാതാപിതാക്കളുടെയോ മുതിർന്ന രക്ഷിതാക്കളുടെയോ സമ്മതം ആവശ്യമാണ്.




## അവയവദാനത്തിന്റെ ചരിത്രം

ആദ്യമായി അവയവദാനം നടത്തിയത് 1954-ൽ റൊണാൾഡ് ലീ ഹെറിക്ക് വൃക്ക ദാനം ചെയ്തപ്പോഴാണ്. അദ്ദേഹത്തിന്റെ ഒരു വൃക്ക സ്വന്തം ഇരട്ട സഹോദരന്. ഡോക്ടർ ജോസഫ് മുറെ വിജയകരമായി മാറ്റി വച്ചു, അവയവമാറ്റ ശസ്ത്രക്രിയയിലെ പുരോഗതിക്കായി 1990-ൽ ശരീരശാസ്ത്രത്തിലോ വൈദ്യശാസ്ത്രത്തിലോ ഉള്ള നോബൽ സമ്മാനവും അദ്ദേഹം നേടിയിട്ടുണ്ട്.

# പെൻഷനേഴ്സിന് ആദരം



നവീകരിച്ച കോട്ടയം ടൗൺ ബ്രാഞ്ച് ബാങ്കിംഗ് ഹാൾ ഉൽഘാടനത്തോടനുബന്ധിച്ച് എസ്.ബി.ഐ. പെൻഷനേഴ്സിനെ ആദരിക്കുന്ന ചടങ്ങിൽ ബഹു.ജനറൽ മാനേജർ (NW-3) .സേഷു ബാബു പല്ലെയിൽ നിന്നും ആദരം സ്വീകരിക്കുന്ന കോട്ടയം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഹെൻറി ജോൺ. സമീപം ഡി.ജി.എം. .ശിവകുമാർ.ജെ.



ആദരം സ്വീകരിക്കുന്ന കോട്ടയം ജില്ലാ പ്രസിഡന്റ് കെ. എൻ.വിശ്വനാഥൻ നായർ



## റിസർവ്വ് ബാങ്ക് നിരക്കുകൾ വർദ്ധിപ്പിച്ചു

# റിപ്പോ റിവേഴ്സ് റിപ്പോ നിരക്കുകൾ വർദ്ധിപ്പിച്ച് ആർ.ബി.ഐ.

### റിപ്പോ റിവേഴ്സ് റിപ്പോ നിരക്കുകൾ വർദ്ധിപ്പിച്ച് ഓഗസ്റ്റിലെ പണവായ്പ്പാ നയം ആർ.ബി.ഐ. പ്രഖ്യാപിച്ചു.

പണപ്പെരുപ്പം പിടിച്ച് നിർത്താൻ പണവായ്പ്പാ നയത്തിൽ റിപ്പോ നിരക്ക് അര ശതമാനം കൂട്ടി. റിപ്പോ നിരക്ക് 5.40 ശതമാനമെന്ന കോവിഡിന് മുൻപുള്ള നിലവാരത്തിലേയ്ക്കെത്തി. പുതിയ നിരക്കുകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| റിപ്പോ നിരക്ക് | : 5.40% |
| സ്റ്റാന്റിങ്ങ് ഡെപ്പോസിറ്റ് ഫസിലിറ്റി റേറ്റ | : 5.15% |
| മർജിനൽ സ്റ്റാന്റിങ്ങ് ഫെസിലിറ്റി റേറ്റ | : 5.65% |
| ബാങ്ക് റേറ്റ് | : 5.65% |
| റിവേഴ്സ് റിപ്പൊ നിരക്ക് മാറ്റമില്ലാതെ നിലനിർത്തി. | : 3.35% |

## റിസർവ്വ് റേഷ്യോകൾ

| | |
|---|---|
| കാഷ് റിസർവ്വ് റേഷ്യോ (CRR) | : 4.50% |
| സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ ( SLR) | : 18.00% |

## വായ്പ്പ/ഡെപ്പോസിറ്റ് നിരക്കുകൾ

| | |
|---|---|
| ബേസ് നിരക്ക് | : 7.75% - 8.80% |
| MCLR (Overnight) | : 6.70% - 7.50% |
| സേവിംഗ്സ് ഡെപ്പോസിറ്റ് റേറ്റ് | : 2.70% - 3.00% |
| സ്ഥിര നിക്ഷേപം റേറ്റ് > 1 Year | : 5.30% - 5.75% |

# പോസിറ്റീവ് പേ സിസ്റ്റം കർശനമാക്കുന്നു

ചെക്കിടപാടുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി റിസർവ്വ് ബാങ്ക് ആവിഷ്കരിച്ച പുതിയ സംവിധാനമായ പോസിറ്റീവ് പേ സിസ്റ്റം(പി.പി.എസ്) ബാങ്കുകൾ കർശനമാക്കുന്നു. ഇതനുസരിച്ച് അഞ്ചു ലക്ഷമോ അതിൽ കൂടുതലോ മൂല്യമുള്ള ചെക്കുകൾ നൽകുമ്പോൾ ഇതിന്റെ വിവരങ്ങൾ ബാങ്കിനെ അറിയിക്കണം. ചെക്ക് ആർക്കാണ് നല്കിയത്, ചെക്ക് നമ്പർ, തിയതി, തുക MICR CODE തുടങ്ങിയ വിവരങ്ങളാണ് നല്കേണ്ടത്.



ചെക്കിന്റെ വിവരങ്ങൾ എസ്.എം.എസ്, ഇമെയിൽ, മൊബൈൽ ആപ്പ്, ഇന്റർനെറ്റ് ബാങ്കിങ്ങ് എന്നിവയിലേതെങ്കിലുമുപയോഗിച്ച് അറിയിക്കാം.

# പോസിറ്റീവ് പേ സംവിധാനം

നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ) തയ്യാറാക്കിയ ചെക്ക് ക്ലിയറൻസിനുള്ള പുതിയ സംവിധാനമാണ് പോസിറ്റീവ് പേ സിസ്റ്റം (പി.പി.എസ്). വലിയ തുകയ്ക്കുള്ള ചെക്കിലെ വിവരങ്ങൾ ചെക്ക് നല്കുന്നയാളിൽ നിന്ന് ചോദിച്ച് ഉറപ്പുവരുത്തിയശേഷമാകും ഇതിൽ ഇടപാട് പൂർത്തിയാക്കുക. ബാങ്ക് ചെക്ക് നല്കുന്ന സമയത്ത് നല്കിയ വിവരങ്ങൾ അടിസ്ഥാനമാക്കിയാകും പരിശോധന.

# കയറിയും ഇറങ്ങിയും സെൻസെക്സ് വിപണി

ദീർഘനാളുകളിലെ തകർച്ചക്ക് ശേഷം പിടിച്ചു കയറി 18.08.2022ന വീണ്ടും 60,000 **(60298.00)** തൊട്ട സെൻസെക്സ് കയറിയും ഇറങ്ങിയും തുടരുന്നു. തിങ്കളാഴ്ചത്തെ കനത്ത ഇടിവ് മറികടന്ന് ചൊവ്വാഴ്ച വൻകുതിപ്പുമായി ഓഹരിവിപണി . സെൻസെക്സ് 1,664.46 പോയന്റ് കയറി 59,637,07 - ലെത്തിയപ്പോൾ നിഫ്റ്റി 446,40 പോയന്റുയർന്ന് 17,759,30 പോയന്റിൽ ക്ലോസ് ചെയ്തു . 2022 മേയ് 20 നുശേഷമുള്ള ഒറ്റ ദിവസത്തെ ഏറ്റവും വലിയ നേട്ടമാണ് രേഖപ്പെടുത്തിയത് . പോയന്റ് അടിസ്ഥാനത്തിൽ 2022 ൽ ഒരുദിവസത്തെ ഏറ്റവും വലിയ വർധനയും.

സ്റ്റേറ്റ് ബാങ്ക് ഷെയർ വില പിന്നെയും 500 രൂപയ്ക്ക് മുകളിൽ 18.08.2022ന് **532.40**

# ചരിത്രത്തിലെ താഴ്ന്ന നിലയിൽ രൂപ

2022 ഓഗസ്റ്റ് മാസം 29-ാം തിയതി തിങ്കളാഴ്ച വിദേശ വിനിമയ വിപണിയിൽ ഡോളറിനെതിരേ നഷ്ടവുമായി കൂപ്പുകുത്തി ഇന്ത്യൻ രൂപ. ഡോളറൊന്നിന് 80.09 രൂപ നിരക്കെന്ന ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിലവാരത്തിലാണ് രൂപ വ്യാപാരം നിർത്തിയത്. അതായത്, ഒരു ഡോളർ വാങ്ങുന്നതിന് 80.09 രൂപ നൽകണം .



ഇന്ത്യൻ കറൻസിയുടെ ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിലവാരമാണിത്. പണപ്പെരുപ്പം പിടിച്ചു നിർത്താനായി അമേരിക്ക പലിശനിരക്ക് ഉയർത്തി നിർത്തുമെന്ന ഫെഡെറൽ റിസർവിന്റെ അദ്ധ്യക്ഷൻ ജെറോം പവലിന്റെ പ്രസ്താവനയെത്തുടർന്നാണ് ഡോളർ ശക്തി പ്രാപിച്ചത്.

## എക്സ്ചേഞ്ച് നിരക്കുകൾ

| | |
|---|---|
| INR / 1 USD | 80.0906 |
| INR / 1 GBP | : 93.4801 |
| INR / 1 EUR | : 79.6085 |
| INR / 100 JPY | : 57.7100 |

# ഫെഡറേഷൻ ഗവേണിംഗ് ബോഡി യോഗം



ഉത്തർപ്രദേശിലെ ലക്നൗവിൽ വച്ച് 2022 ജൂലൈ 30, 31 തിയതികളിൽ നടന്ന ഫെഡറേഷൻ ഓഫ് എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷൻസ് ഗവേണിംഗ് ബോഡി യോഗത്തിൽ പങ്കെടുത്ത കേരളത്തിൽ നിന്നുള്ള പ്രതിനിധികൾ

# എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം യൂണിറ്റ് എക്സിക്യൂട്ടിവ് കമ്മറ്റിയുടെ ഓൺലൈൻ യോഗം

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ 2022 ഓഗസ്റ്റ് മാസത്തിലെ ഭരണ സമിതി യോഗം 12-ാം തിയതി വെള്ളിയാഴ്ച്ച 11.30 മണിക്ക് ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. ജില്ലാ പ്രസിഡന്റ് കെ. എൻ. വിശ്വനാഥൻ നായരുടെ അദ്ധ്യക്ഷതയിൽ ഓൺ ലൈനിൽക്കൂടി നടത്തി.



കോട്ടയം യൂണിറ്റ് എക്സിക്യൂട്ടിവ് കമ്മറ്റിയുടെ ഓൺലൈൻ യോഗം ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തിയപ്പോൾ

ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം വൈസ് പ്രസിഡന്റ് എം.പി. പുഷ്കരൻ സ്വാഗതം ആശംസിച്ചു.

നിര്യാതനായ പുതുപ്പള്ളി കുടിലിൽ, കെ.റ്റി.ബാബു. ( റിട്ട. അസിസ്റ്റന്റ് മാനേജർ, LM 7535) പെൻഷനേർസ് അസോസി

യേഷൻ കോട്ടയം സെന്ററിന്റെ അനുശോചനം രേഖപ്പെടുത്തി. ഒരു മിനിട്ട് മൗനം ആചരിച്ചു. തുടർന്ന് പ്രസിഡന്റ്, കെ.എൻ.വിശ്വനാഥൻനായർ,സംസാരിച്ചു.

കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/റിപ്പോർട്ട് പി.എം. ജേക്കബ്ബ്, സെക്രട്ടറി, യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു. മാസ്സാന്ത്യ കണക്കുകൾ സി.പി.മാത്യു, ട്രഷറാർ യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.



ജില്ലാ ട്രഷറർ **സി.പി.മാത്യു**

ജോർജ്ജ് .ജോസഫ് പാലാ യൂണിറ്റിന് വേണ്ടിയും, ശ്രീമതി. റൈസാ ബീഗം ഏറ്റുമാനൂർ യൂണിറ്റിനു വേണ്ടിയും, രമേഷ് ബാബു, വി.ആർ. ബി.നായർ, കെ.ജെ.വർഗീസ് എന്നിവർ കോട്ടയം-1, കോട്ടയം-2, യൂണിറ്റികൾക്കു വേണ്ടിയും, പി.ഉണ്ണികുഞ്ഞ്, ചങ്ങനാശ്ശേരി യൂണിറ്റിനു വേണ്ടിയും, ഏരിയ കമ്മറ്റികളുടെ അവലോകനത്തിൽ പങ്കെടുത്ത് സംസാരിച്ചു. സ്ട്രക്ച്ചേർഡ് മീറ്റിംഗ് അടക്കം അസ്സോസിയേഷൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഹെൻറി ജോൺ സംസാരിച്ചു.

കഴിഞ്ഞ വർഷത്തെ ഒരു മാസത്തെ വരുമാനം ബെനവലന്റ് ഫണ്ട് വളർത്തുന്നതിനായി തുടർ നിക്ഷേപം ചെയ്യണമെന്നും യോഗം തീരുമാനിച്ചു. ജോർജ്ജ് .ജോസഫ് , കൃതഞ്ജത പ്രകാശിപ്പിച്ചു. യോഗം 1.30 മണിയോടെ അവസാനിച്ചു.

# കൊല്ലം യൂണിറ്റ് ജനറൽ ബോഡി യോഗം

2022 ഓഗസ്റ്റ് 10-ാം തിയതി വൈകിട്ട് 3.30 മുതൽ 5.30 വരെ കൊല്ലം ജില്ലാ ഘടകത്തിന്റെ ജനറൽ ബോഡി യോഗം നടന്നു. അസിസ്റ്റന്റ് സെക്രട്ടറി യുസഫ് സ്വാഗതം പറഞ്ഞു. പ്രസിഡന്റ് . ഗോപകുമാർ ആമുഖ പ്രസംഗം നടത്തി. മെഡിക്കൽ ഇൻഷുറൻസ്ന്റെ കാര്യങ്ങളെ പറ്റി വിശദീകരിച്ചു.

കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/ പ്രവർത്തന റിപ്പോർട്ട് എന്നിവ സെക്രട്ടറി, പുരുഷോത്തമൻ പിള്ള യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു. മാസ്സാന്ത്യ കണക്കുകൾ ട്രഷറാർ ചന്ദ്രഭാനു യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.



ഡെപ്യൂട്ടി ജനറൽ സെക്രട്ടറി **ഗണപതികൃഷ്ണൻ** സംസാരിക്കുന്നു

തുടർന്ന് പ്രത്യേക ക്ഷണിതാവായി യോഗത്തിൽ പങ്കെടുത്ത ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഗണപതികൃഷ്ണൻ ലഖ്നൗവിൽ നടന്ന ഫെഡറേഷൻ മീറ്റിംഗ്ന്റെ വിശദ വിവരങ്ങൾ പങ്ക് വെച്ചു. .
വിശദമായ ചർച്ചക്ക് ശേഷം ട്രഷറർ ചന്ദ്രഭാനു നന്ദി രേഖപ്പെടുത്തി. യോഗം 5.30 ന് സമാപിച്ചു.



ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ

നമ്മുടെ മീറ്റിംഗ് നടപടികൾ എല്ലാം കൃത്യമായി നടന്ന ശേഷം കൊല്ലം മെടിട്രീന ആശുപത്രി അധികൃതർ വന്ന് അവിടുത്തെ പുതിയ സംവിധാനങ്ങളെ പറ്റി സംസാരിച്ചു. നമ്മുടെ പെൻഷൻകാർക്ക് നൽകാൻ പ്ലാൻ ഇടുന്ന ആനുകൂല്യങ്ങൾ വിശദീകരിച്ചു.



കൊല്ലം മെടിട്രീന ആശുപത്രി അധികൃതർ ചടങ്ങിൽ പങ്കെടുത്ത് സംസാരിക്കുന്നു.

വൈകിട്ട് 4.30 മണിയോടെ ആർ.ബി.ഒ.1 റീജണൽ മാനേജർ ഷീബാ ചിതജൻ എസ്.ബി.ഒ.എ. റീജിയണൽ സെക്രട്ടറി അരുൺ, ചീഫ് മാനേജർ എന്നിവർ മീറ്റിംഗ് ഹാളിൽ വന്നു. നമുക്ക് എല്ലാവിധ സഹായ സഹകരണവും വാഗ്ദാനം നൽകി. നമുക്ക് പ്രയോജനമുള്ള ബാങ്കിന്റെ പുതിയ സ്കീമുകളെ പറ്റി വിശദമായി സംസാരിച്ചു.



ആർ.ബി.ഒ.1 റീജണൽ മാനേജർ ഷീബാ ചിതജൻ സംസാരിക്കുന്നു

# കോട്ടയം ഘടനാപരമായ യോഗം

## (Structured Meeting)

എസ്. ബി .ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ കോട്ടയം ഏരിയ കേന്ദ്രം ഭാരവാഹികൾ എസ്.ബി.ഐ. മാനേജ്മെന്റുമായി ത്രൈമാസ ചർച്ചാ യോഗം 2022 ആഗസ്റ്റ് 18–ാം തിയതി ഭാഗികമായി നേരിട്ടും ഭാഗികമായി വീഡിയോ കൊൺഫ്രൻസ് വഴി ഓൺലൈനായും നടത്തി.



കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഒഫീസ് മേധാവി ഡെ. ജനറൽ മനേജർ .ശിവകുമാർ.ജെ.അദ്ധ്യക്ഷത വഹിച്ചു. ചീഫ് മാനേജർ (എച്ച്. ആർ.) വി.കെ. അക്ബർ സ്വാഗതം ആശംസിച്ചു. ബാങ്കിന്റെ ഭാഗത്തുനിന്ന് എല്ലാ റീജിയണൽ മാനേജർമാരും അവരുടെ മാനേജർ (എച്ച്. ആർ.) മാരും വീഡിയോ കോൺഫെറെൻസ് വഴിയും അല്ലാതെയും സന്നിഹിതരായിരുന്നു. കൂടാതെ ചീഫ് മാനേജർ (എച്ച്. ആർ.) വി.കെ. അക്ബറും. ഡെപ്യൂട്ടി മാനേജർ അജിത് ജി. ലാലും ഉണ്ടായിരുന്നു .



സ്ട്രക്ചേർഡ് മീറ്റിംഗിൽ ഡെ. ജനറൽ മനേജർ ശിവകുമാർ.ജെ. അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്നു. സമീപം ചീഫ് മാനേജർ (എച്ച്. ആർ.) വി.കെ. അക്ബറും. ഡെപ്യൂട്ടി മാനേജർ അജിത് ജി. ലാലും റീജിയണൽ മാനേജർ, ആർ.ബി.ഒ.– 2 ഡോ.അനിത എസ്. എന്നിവരേയും കാണാം .

പെൻഷനേർസ് അസോസിയേഷനെ പ്രതിനിധീകരിച്ച് സംസ്ഥാന വൈസ് പ്രസിഡന്റ് ബി.സി.ഉണ്ണി കൃഷ്ണൻ നായർ, സംസ്ഥാന വനിത എക്സി. മെമ്പർ റൈസാ ബീഗം, ഏ ജി. എസ്. രാജശേഖരൻ.കെ.പി., ജില്ലാ പ്രസിഡന്റ് കെ.എൻ.. വിശ്വനാഥൻ നായർ, ജില്ലാ സെക്രട്ടറി .പി.എം. ജേക്കബ്ബ്, ആലപ്പുഴ ജില്ലാ സെക്രട്ടറി .ശശികുമാർ..ആർ, വീഡിയോ കോൺഫറൻസ് വഴി ആലപ്പുഴ ജില്ലാ പ്രസിഡന്റ് എൻ..കെ., ശ്രീകുമാർ . ട്രഷറർ രാജി ജോൺ, ജില്ലാ ട്രഷറർ ടി.രാഘവൻ, ആലപ്പുഴ ജോയിന്റ് സെക്രട്ടറി എം.ജെ.ദേവസ്യ എന്നിവരും വീഡിയോ കോൺഫറൻസിലൂടെ യോഗത്തിൽ പങ്കെടുത്തു.

മീറ്റിംഗ് ആരംഭിക്കുന്നതിന് മുമ്പ്, ഡിജിഎം അദ്ദേഹത്തെ വ്യക്തിപരമായി പരിചയപ്പെടുത്തുകയും ഓരോരുത്തർക്കും ഒരു പൂച്ചെണ്ട് നൽകുകയും ചെയ്തുകൊണ്ട് അസോസിയേഷൻ ഭാരവാഹികളോട് ഊഷ്മളമായ ആദരവ് പ്രകടിപ്പിച്ചു. തുടർന്ന് സംസാരിച്ച സംസ്ഥാന വൈസ് പ്രസിഡന്റ് ബി.സി.ഉണ്ണിക്ക്യഷ്ണൻ നായർ ചില ശാഖകളിൽ ഉപഭോക്ത്യ സേവനം മോശമായതും ബാങ്കിനെതിരെ പ്രത്യേകിച്ച് സോഷ്യൽ മീഡിയയിൽ നടക്കുന്ന പ്രതികൂല പ്രചാരണങ്ങളും ഡിജിഎമ്മിന്റെ ശ്രദ്ധയിൽപ്പെടുത്തി. ഉചിതമായ തിരുത്തൽ നടപടികൾ ആവശ്യമാണ്, അദ്ദേഹം ചൂണ്ടിക്കാട്ടി. 20.06.2022 ന് നടന്ന മുൻ യോഗത്തിന്റെ മിനിറ്റ്സ് കൃത്യമായി പാസാക്കി. നമ്മൾ ഉയർത്തിയ പ്രശ്നങ്ങളിൽ എ.ഒ. യിൽ തീരുമാനം എടുക്കാൻ കഴിയുന്നവ പരിഹരിക്കുവാനും മറ്റുള്ളവ അതാതു ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് പ്രശ്ന പരിഹാരത്തിനും തീരുമാന മെടുത്തു. ഡിജിഎം ആയി ചുമതലയേറ്റ .ജെ. ശിവകുമാറിനെ അഭിവാദ്യം ചെയ്തുകൊണ്ട് അസോസിയേഷനെ പ്രതിനിധീകരിച്ച് ഡിജിഎസ് ഹെൻറി ജോൺ നന്ദി രേഖപ്പെടുത്തി. അസോസിയേഷനുമായി വളരെ സഹായകരവും സൗഹാർദ്ദപരവുമായ ബന്ധം നിലനിർത്തിയതിന് എല്ലാ എ.ഒ. ഭാരവാഹികൾക്കും അദ്ദേഹം നന്ദി പറഞ്ഞു. 11.45 മണിയോടെ യോഗം അവസാനിച്ചു.

# എറണാകുളം എ.ഒ.യിൽ ഘടനാപരമായ യോഗം

ബാങ്ക് മാനേജ്മെന്റുമായി 2022 ജൂലൈ-സെപ്റ്റംബർ പാദത്തിലെ ത്രൈമാസ ഘടനാപരമായ മീറ്റിംഗ് 2022 ആഗസ്റ്റ് 20–ാം തിയതി എറണാകുളത്തെ എ.ഒ. കോൺഫറൻസ് ഹാളിൽ 12.15 മണിക്ക് നടന്നു. ഡെപ്യൂട്ടി ജനറൽ മാനേജർ (ബി & ഒ) ആനന്ദ് മോക്തൻ യോഗത്തിൽ അധ്യക്ഷത വഹിച്ചു. . എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷന് വേണ്ടി. സംസ്ഥാന എക്സി.. കമ്മറ്റി അംഗം രാജലക്ഷ്മി ടി എം ,പുതുതായി ചുമതലയേറ്റ ഡെപ്യൂട്ടി ജനറൽ മാനേജർ ആനന്ദ് മോക്തനെ പൂച്ചെണ്ട് നൽകി വരവേറ്റു. ജില്ല. കേന്ദ്രം ഡിജിഎസ്, ജോസഫ് പാലക്കൽ അദ്ദേഹത്തെ പൊന്നാട അണിയിച്ച് ആദരിച്ചു.,



പുതുതായി ചുമതലയേറ്റ ഡെപ്യൂട്ടി ജനറൽ മാനേജർ ആനന്ദ് മോക്തനെ പൂച്ചെണ്ട് നൽകി വരവേൽക്കുന്നു.

യോഗത്തിൽ ബാങ്കിന്റെ ഭാഗത്തുനിന്ന് ഡിജിഎം, ചീഫ് മാനേജർ (എച്ച്ആർ), . AO, ഏ.ജി.എം കളിൽ നിന്നുള്ള മാനേജർ (എച്ച്ആർ) മാർ,, ആർ.ബി.ഒ. 1, ആർ.ബി.ഒ. 2, ആർ.ബി.ഒ. 3, ആർ.ബി.ഒ. 4, ആർ.ബി.ഒ. 5 എന്നിവയുടെ മാനേജർ (HR). എന്നിവർ യോഗത്തിൽ പങ്കെടുത്തു.

എസ്ബിഐ പെൻഷനേർസ് അസോസിയേഷൻ കേരള ജില്ല. സെന്റർ എറണാകുളത്തെ പ്രതിനിധീകരിച്ച് ഡിജിഎസ് ജോസഫ് പാലക്കൽ, സംസ്ഥാന കമ്മിറ്റി അംഗം ടിഎം രാജലക്ഷ്മി, എറണാകുളം ജില്ലാ പ്രസിഡന്റ് ടി.ഒ. ജോൺ, ജില്ലാ സെക്രട്ടറി സി.ജി. രാജഗോപാൽ, ജോയിന്റ് സെക്രട്ടറിമാരായ സി ആർ ഷാജി & ആന്റണി പി മാത്യു, ട്രഷറർ ടി വി രാജാമണി & ടോമി തോമസ് ഏരിയ ജോയിന്റ് കൺവീനർ ഇടുക്കി ജില്ല. സെന്ററിനെ പ്രതിനിധീകരിച്ച് ജില്ലാ ട്രഷറർ എം.ഐ. ഗോപാലൻ, എക്സിക്യൂട്ടിവ് അംഗം സി.കെ.മോഹനൻ. എന്നിവർ പങ്കെടുത്തു.

രാജലക്ഷ്മി എ.എം മാനേജർ (എച്ച്ആർ), എറണാകുളം ജില്ലാ സെക്രട്ടറി സി.ജി. രാജഗോപാൽ എന്നിവർ നന്ദി പ്രകാശിപ്പിച്ചു. യോഗം ഉച്ചയ്ക്ക് 1-30ന് അവസാനിച്ചു.

# തൃശൂർ എ.ഒ. യിൽ ഘടനാപരമായ മീറ്റിംഗ്

2022 ഓഗസ്റ്റ് മാസം 26 – ാം തീയതി വെള്ളിയാഴ്ച്ച ഉച്ചയ്ക്ക് 2.30ന് ബാങ്ക് മാനേജ്മെന്റുമായി 2022 ജൂലൈ - സെപ്റ്റംബർ പാദത്തിലെ ത്രൈമാസ ഘടനാപരമായ യോഗം തൃശൂർ എ.ഒ. യിലെ കോൺഫറൻസ് ഹാളിൽ നടന്നു.. ഡെപ്യൂട്ടി ജനറൽ മാനേജർ (ബി & ഒ) രമേഷ് വി, യോഗത്തിൽ അധ്യക്ഷത വഹിച്ചു.

എസ്ബിഐ പെൻഷനേർസ് അസോസിയേഷൻ തൃശൂർ ഡിജിഎസ് രാധാകൃഷ്ണൻ പുല്ലഞ്ചേരി, കെ രവീന്ദ്രൻ, എസ് ബാലകൃഷ്ണൻ, തൃശൂർ, പാലക്കാട് ജില്ലാ സെക്രട്ടറിമാരായ പി പി ശ്രീനിവാസൻ, പി കെ പരമേശ്വരൻ, പാലക്കാട് ജില്ലാ പ്രസിഡന്റും തൃശൂർ വൈസ് പ്രസിഡന്റുമായ സി ജെ ജാക്സൺ, ട്രഷറർ തൃശൂർ എന്നിവർ പങ്കെടുത്തു.

എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ തൃശൂർ ഡിജിഎസ് രാധാകൃഷ്ണൻ പുല്ലഞ്ചേരി സ്വാഗതം ആശംസിച്ചു..



ഡിജിഎസ് രാധാകൃഷ്ണൻ പുല്ലഞ്ചേരി

ഡെ. ജനറൽ മാനേജർ (ബി & ഒ) രമേഷ് വി, ചീഫ് മാനേജർ (എച്ച്ആർ ) രാംകുമാർ എസ്, ആർബിഒകളുടെ ആർഎംമാർ, എഒ, ആർബിഒകളിലെ മാനേജർ എച്ച്ആർ. എന്നിവർ പങ്കെടുത്തു. യോഗത്തിൽ ചർച്ചകൾ വളരെ സൗഹാർദ്ദപരമായിരുന്നു, നമ്മൾ നൽകിയതിൽ തീർപ്പു കൽപ്പിക്കാത്ത എല്ലാ പ്രശ്നങ്ങളും അജണ്ട ഇനങ്ങളും ന്യായമായ സമയത്തിനുള്ളിൽ പരിഹരിക്കുമെന്ന് ഡിജിഎം വാഗ്ദാനം ചെയ്തു.

1. ഫാമിലി പെൻഷൻകാർക്ക് എൽടിഎ നൽകാനുള്ള രണ്ട് കേസുകൾ തീർപ്പാക്കാതെ കിടക്കുന്നു
2. കുടുംബ പെൻഷനിൽ അംഗവൈകല്യമുള്ള കുട്ടിയെ ഉൾപ്പെടുത്തുന്നതിന് അനുമതിക്കായി സമർപ്പിച്ച പെൻഷനരുടെ അപേക്ഷ തീരുമാനം പ്രതീക്ഷിച്ചിരിക്കുന്നു
3. പാലക്കാട്, എസ്ബിഐ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസറുടെ ജോലി സമയം എല്ലാ പ്രവൃത്തി ദിവസങ്ങളിലും 3 മണിക്കൂറായി നീട്ടുകയും ഡിസ്പെൻസറിയുടെ പരിപാലനത്തിൽ അദ്ദേഹത്തിന് സഹായം നൽകുകയും ചെയ്യുക. പാർക്കിൻസൺസ്, കാൻസർ, നേത്രരോഗങ്ങൾ തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകൾ നൽകാനും അഭ്യർത്ഥിച്ചു.

4. എസ്ബിഐ പാലക്കാട് വളപ്പിലെ സൗകര്യപ്രദമായ സ്ഥലത്തേക്ക് പാലക്കാട് എസ്ബിഐ ഡിസ്പെൻസറി. മാറ്റുന്നതിനുള്ള അഭ്യർത്ഥനയിൽ അനുകൂല തീരുമാനം പ്രതീക്ഷിച്ചിരിക്കുന്നു

5. എ.ഒയും, ആർ.ബി.ഒ.കളും ബ്രാഞ്ചുകളും ബാങ്ക് ഡേ, ഓണം, ക്രിസ്തുമസ്, തുടങ്ങിയ ആഘോഷങ്ങൾ, പെൻഷൻ മീറ്റ്, കസ്റ്റമർ മീറ്റ് വിരമിക്കൽ ഉൾപ്പെടെയുള്ള ബാങ്കിന്റെ ഔദ്യോഗിക പരിപാടികളിൽ എസ്ബിഐ പെൻഷനേർസ് അസോസിയേഷൻ കേരള ഭാരവാഹികളെ ക്ഷണിക്കാനുള്ള അഭ്യർത്ഥന നിലവിൽ തീരുമാനം ആയിട്ടില്ല.

6. മരിച്ച പെൻഷൻകാരുടെ ശവസംസ്കാര ചടങ്ങിൽ പങ്കെടുക്കാനും ആദരാഞ്ജലികൾ അർപ്പിക്കാനും നിലവിലുള്ള ഉത്തരവ് കർശനമായി പാലിക്കുവാൻ എല്ലാ ബ്രാഞ്ച് മാനേജർമാർക്കും നിർദ്ദേശം നൽകണം.

7. സമർപ്പിച്ച യോഗ്യമായ കേസുകളിൽ സ്തംഭന ഇൻക്രിമെന്റ് വർദ്ധന/ പെൻഷൻ പരിഷ്കരണത്തിനുള്ള അനുമതി നൽകാനുള്ള അഭ്യർത്ഥന ശേഷിക്കുന്നു. .

8. തൃശ്ശൂരിലെ എസ്എംഇ സെന്ററിലുള്ള അസോസിയേഷൻ ഓഫീസിലേക്ക് ഒരു കമ്പ്യൂട്ടർ സിസ്റ്റവും പ്രിന്ററും നൽകാനുള്ള അഭ്യർത്ഥന ശേഷിക്കുന്നു. .

9. തുടർനടപടികൾക്കായി MWS-ന്റെ ഗുണഭോക്താക്കളുടെ ലിസ്റ്റ് നൽകാനുള്ള അഭ്യർത്ഥന തീരുമാനിക്കപ്പെടാതെ ശേഷിക്കുന്നു. .

10. യോഗ്യമായ എല്ലാ കേസുകളിലും പിപിജി ഡിപ്പാർട്ട്മെന്റ് പുതുക്കിയ പിപിഒകളുടെ പ്രശ്നം ഏറ്റെടുക്കാൻ അഭ്യർത്ഥിച്ചു.

ചീഫ് മാനേജർ എച്ച്ആർ രാംകുമാർ എസ് മേൽപ്പറഞ്ഞ എല്ലാ കാര്യങ്ങളും അടുത്ത ഘടനാപരമായ യോഗത്തിന് മുമ്പ് ഏറ്റെടുക്കാനും പരിഹരിക്കാനും സമ്മതിച്ചു.
സോമൻ വാര്യർ മാനേജർ (എച്ച്ആർ), AO, എസ് ബാലകൃഷ്ണൻ ജില്ലാ സെക്രട്ടറി, എസ്ബിഐപിഎ എന്നിവർ നന്ദി പ്രകാശിപ്പിച്ചു. വൈകിട്ട് 3.30ന് യോഗം സമാപിച്ചു.

# തിരുവനന്തപുരം ജില്ലാക്കമ്മറ്റിയുടെ ഭവന സന്ദർശനം



ഭവന സന്ദർശന വേളയിൽ ജില്ലാ സെക്രട്ടറി ജോസഫ്.വി.എൽ

കുറച്ചു നാളുകളായി അസുഖവും വാർദ്ധക്യവും മൂലം പുറത്തിറങ്ങാനാകാതെ ഭവനങ്ങളിൽ ആയിരിക്കുന്നവരും, സംഘടനയുടെ നേതൃത്വനിരയിലുണ്ടായിരുന്നവരും അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞവരുമായ അംഗങ്ങളുടെയും ഭവനങ്ങളിൽ പോയി നമ്മുടെ വാർഷീക പൊതുയോഗത്തിന്റെ ഉപഹാരവും, ഡയറക്ടറിയുടെ പതിപ്പും, ഓണത്തിന്റെ അല്പം മധുരവും സൗഹൃദവും പങ്കിടാനുമായി തിരുവനന്തപുരം ജില്ലാക്കമ്മറ്റി `ഭവന സന്ദർശനം നടത്തി. 15 വീടുകൾ സന്ദർശിച്ചു 26.08.2022 ന് രാവിലെ 8.45 ന് യാത്ര തുടങ്ങുകയും വൈകുന്നേരം 7 മണിക്ക് യാത്ര അവസാനിക്കുകയും ചെയ്തു. ഇത് ജില്ലാക്കമ്മറ്റിയെ സംബന്ധിച്ച് ഓർമകളിൽ നിലനിർത്താൻ പറ്റിയ ഒരു ദിനമായിരുന്നു.

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഓഗസ്റ്റ് മാസത്തിലെ ഭരണ സമിതി യോഗം ഓഗസ്റ്റ് മാസം 12 – ാം തീയതി വെള്ളിയാഴ്ച്ച പ്രസിഡന്റ് എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ ഓൺ ലൈനിൽക്കൂടി നടത്തി. താഴെ കൊടുത്തിരിക്കുന്ന ഭരണ സമിതി അംഗങ്ങൾ പങ്കെടുത്തു.

1. ശ്രീ.പി.എം. ജേക്കബ്ബ്
2. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
3. എം.ജി.രാഘവൻ
4. സി.പി.മാത്യു
5. കെ.എൻ.വിശ്വനാഥൻ നായർ
6 എൻ.സി.മാത്യു
7. ശ്രീമതി. ആച്ചിയമ്മ എബ്രഹാം
8. ശ്രീമതി. റൈസാ ബീഗം
9. ഉണ്ണിക്കുഞ്ഞ്.പി.

അത്യാവശ്യ തീരുമാനങ്ങളെടുക്കുകയും ജി.ഡി.സി.എസ്. നറുക്കെടുപ്പ് നടത്തുകയും ചെയ്തു.



ഭരണസമിതി യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ

അസിസ്റ്റന്റ് സെക്രട്ടറി കെ.എൻ. വിശ്വനാഥൻ നായർ സ്വാഗതം ആശംസിച്ചു. സെക്രട്ടറി മാത്യു അടയ്ക്കാമുണ്ടയ്ക്കൽ, ഓഫീസ് അസിസ്റ്റന്റ് നിഷാ. ബി.നായർ എന്നിവർ കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന്റെ മിനിട്സ്, കണക്കുകൾ എന്നിവ വിശദമായി യോഗത്തിൽ അവതരിപ്പിച്ചു. ചർച്ച നടത്തി അംഗീകരിച്ചു.



മാത്യു അടയ്ക്കാമുണ്ടയ്ക്കൽ

## അംഗത്വത്തിനുള്ള അപേക്ഷകൾ

### എ ക്ലാസ്

26 എ ക്ലാസ്സ് അംഗത്വത്തിനുള്ള അപേക്ഷകൾ പരിഗണിച്ചതിൽ 26നും അപേക്ഷിച്ച ഓഹരികൾ അനുവദിക്കുന്നതിനും "എ" ക്ലാസ് അംഗത്വം നല്കുന്നതിനും തീരുമാനിച്ചു.

### പുതിയ അംഗങ്ങൾ

1. ചാക്കോ തോമസ്
2. അനിൽകുമാർ.പി.ജി.
3. തോമസ്.റ്റി.റ്റി.
4. ലളിതാംബിക
5. സുരേഷ് ബാബു.കെ.ആർ.
6. ജോർജ്കുട്ടി.എം.കെ.
7. ആന്റണി.ജെ. വൈപ്പന
8. ഐ.വി.ഫിലിപ്പ്
9. കാഞ്ചനവല്ലി.എം.എം.
10. സോഫിയ ജേക്കബ്
11. സാബ്ബു ജേക്കബ്ബ്
12. കേശവൻ.കെ.കെ.
13. വേണുഗോപാൽ
14. സരസ്വതി.വി.സി.
15. വിൻസി.ജോർജ്ജ്
16. ജാൻസി ജോർജ്ജ്
17. ആർ.രാജീവ്
18. ടോം ജോസഫ്
19. ജേക്കബ്ബ് മാത്യു
20. എൽസിക്കുട്ടി.വി.സി.
21. വി.എസ്.മോഹൻ
22. കെ.കെ.ഗോപിനാഥൻ
23. ശാന്തമ്മ.പി.ആർ.
24. ഏലിയാമ്മ എം.സി.
25. കുമാരൻ.കെ.പി.
26. മത്തായി.കെ.എം.

## കൂടുതൽ ഓഹരികൾക്കുള്ള അപേക്ഷകൾ

എ ക്ലാസ്സ് അംഗങ്ങളായ ഇനി പറയുന്ന രണ്ട് പേർ സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് അംഗങ്ങൾക്ക് അവർ അപേക്ഷിച്ച ഓഹരികൾ അനുവദിച്ച് തീരുമാനമായി.

1. തങ്കമ്മ.പി.പി., ഈശ്വരന്തടത്തിൽ
2. മനോഹരൻ.എം.എസ്.

### സി ക്ലാസ്സ്

കൂടാതെ ഇനിപ്പറയുന്ന 3 പേർക്ക് സി ക്ലാസ്സ് അംഗത്വവും അനുവദിച്ചു.

1. വൽസമ്മ മനോഹരൻ
2. മോളി ചാക്കോ
3. മേരിയമ്മ സഖറിയാസ്

**നവാഗതർക്ക് സ്വാഗതം!**

## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2022 ഓഗസ്റ്റ് മാസത്തിലെ നറുക്കെടുപ്പ് 12–ാം തീയതി വെള്ളിയാഴ്ച 11.30ന് നടത്തി. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

| ക്ര. നം. | ജി.ഡി. സി.എ സ്. നം. | സല (രൂപ) | യൂണിറ്റ് ക്ര.നം. | പേര് |
|---|---|---|---|---|
| 1 | VIII | 100,000 | 197 | ജോർജ്ജ് ജോൺ |
| 2 | IX | 25000 | 206 | ബേബി തോമസ് |
| 3 | X | 100,000 | 228 | കൊച്ചുറാണി മാത്യു |
| 4 | XI | 100,000 | 265 | എ.വി.ജോസഫ് |
| 5 | XII | 100,000 | 292 | പ്രഭാകരൻ.വി.കെ |
| 6 | XIII | 100,000 | 324 | ജോസ് മാത്യു |

നറുക്ക് വീണതിൻ പ്രകാരമുള്ള തുക ഓണക്കാല മായതിനാലും രണ്ടാം വെള്ളിയാഴ്ച അവധിയായതി നാലും സെപ്റ്റംബർ മാസം 2–ാം തിയതി കൊടുക്കു വാൻ തീരുമാനിച്ചു. ഭരണ സമിതി യോഗവും അന്നേ ദിവസം നടത്തുവാൻ തീരുമാനിച്ചു. ക്ലെയിം ഫോം സംഘത്തിൽ നിന്നും അയച്ചു തരുന്നതായി രിക്കും. അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചുതരുക.

## XIV നമ്പർ 1,00,000 രൂപയുടെ ജി.ഡി.സി.എസ് കുറി ആരംഭിച്ചു

1,00,000 രൂപായുടെ ജി.ഡി.സി.എസ് കുറി ആരംഭിച്ച വിവരം സന്തോഷപൂർവം അറിയിക്കുന്നു. ചേർന്നിട്ടു ള്ളവരുടെ അക്കൗണ്ടിൽ നിന്നും ആഗസ്റ്റ് മാസം 28–ാം തിയതി മുതൽ 25 മാസം 4000 രൂപാ വീതം സ്റ്റാന്റിംഗ് ഇൻസ്ട്രക്ഷൻ പ്രകാരം പിടിച്ചു തുടങ്ങു ന്നതാണ്. ചേർന്നവരുടെ ആദ്യത്തെ തവണയായ 4000 രൂപ 28- 08 -2022 കുറവ് വരുമെന്ന് അറിയിക്കുന്നു . SI സെറ്റ് ചെയ്തതിന്റെ മെസ്സേജ് ഇതിനകം വന്നു കാണും.

## XV നമ്പർ 1,00,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

ചെറിയ സംഖ്യയുടെ ജി.ഡി. സി.എസ് തുടർന്നും നടത്തണമെന്ന അംഗങ്ങളുടെ ആവശ്യം പരിഗണിച്ച് 100,000 രൂപ സലയുള്ള 40 മാസം കൊണ്ട് തീരുന്ന പുതിയ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു. കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്. ജി.ഡി.സി. എസിൽ ചേരാൻ സ്വയം മുന്നോട്ട് വന്ന് ഓഫീസ് സെക്രട്ടറിയുമായി ബന്ധപ്പെട്ട് അപേക്ഷയും സ്റ്റാന്റിങ്ങ് ഇൻസ്ട്രക്ഷനും തന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ **9446322416** ബന്ധപ്പെടുക.

ഇതര വിഷയങ്ങൾ ഒന്നും ഇല്ലായിരുന്നു. ശ്രീമതി.ആച്ചിയമ്മ എബ്രഹാം നന്ദി പ്രകാശിപ്പിച്ചു. യോഗം 11.30 മണിക്ക് അവസാനിച്ചു.

# എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കേരള, കോഴിക്കോട് എ.ഒ. എന്നിവയുമായുള്ള ഘടനാപരമായ യോഗം

എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കേരള, കോഴിക്കോടുമായി എസ്ബിഐ അഡ്മിനിസ്ട്രേറ്റിവ് ഒഫീസ് കോഴിക്കോട് നടത്തിയ സ്ട്രക്ചർഡ് മീറ്റിംഗ് ആഗസ്റ്റ് 20 ന് ഉച്ചയ്ക്ക് 12 മണിക്ക് അഡ്മിനിസ്ട്രേറ്റിവ് ഓഫീസ് കോൺഫറൻസ് ഹാളിൽ വെച്ച് നടന്നു.



സ്ട്രക്ചേർഡ് മീറ്റിംഗിൽ ഡെ. ജനറൽ മനേജർ സുരേഷ് വാക്കിയിൽ.. അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്നു.

യോഗത്തിൽ ഡെ. ജനറൽ മാനേജർ സുരേഷ് വാക്കിയിൽ. മാനേജ്മെന്റ് ടീമിൽ റീജിയൻ 5 ഒഴികെയുള്ള എല്ലാ RBO-കളിലെയും റീജിയണൽ മാനേജർമാർ, ചീഫ് മാനേജർ HR, എല്ലാ RBO-കളിൽ നിന്നുള്ള മാനേജർമാർ HR എന്നിവരും ഉൾപ്പെടുന്നു.



എസ്ബിഐപിഎയെ പ്രതിനിധീകരിച്ച് സംസ്ഥാന പ്രസിഡന്റ് കെ രാജീവൻ, വൈസ് പ്രസിഡന്റ് ജോസ് മാർസെലിൻ, ഡിജിഎസ് എ രാഘവൻ, എജിഎസ്,ടി സേതുമാധവൻ നായർ, ടി ബാലഗോപാലമേനോൻ, കോഴിക്കോട് ജില്ലാ പ്രസിഡന്റ്, സി വേണുഗോപാലൻ ജില്ലാ സെക്രട്ടറി, കോഴിക്കോട്, എം. വിജയൻ കാസർഗോഡ് ജില്ലാ സെക്രട്ടറിയും കൃഷ്ണൻ പടനാത്ത്, വൈസ് പ്രസിഡന്റ് കാസർകോട്, എൻ.വി.ബാബു, ജില്ലാ സെക്രട്ടറി കണ്ണൂർ, വി.അശോക് കുമാർ, ജില്ലാ സെക്രട്ടറി മലപ്പുറം, വി.ഭാസ്കരൻ ജില്ലാ പ്രസിഡന്റ് വയനാട്. എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ചീഫ് മാനേജർ എച്ച്.ആർ. വിനോദ് കുമാർ എൻ.കെയുടെ സ്വാഗത പ്രസംഗത്തോടെ ആരംഭിച്ച യോഗത്തിൽ പങ്കെടുത്തവരെല്ലാം സ്വയം പരിചയപ്പെടുത്തുകയും ചെയ്തു. സ്ഥാനമേറ്റ ശേഷം മുതിർന്നവരുമായുള്ള തന്റെ ആദ്യ യോഗത്തിൽ പങ്കെടുത്തതിൽ ഡിജിഎം ഉദ്ഘാടന പ്രസംഗത്തിൽ സന്തോഷം പ്രകടിപ്പിച്ചു. ബാങ്കിന്റെ അംബാസഡർമാരായി പരിഗണിക്കപ്പെടുന്ന മുതിർന്നവരോടും അങ്ങേയറ്റം വാത്സല്യം പ്രകടിപ്പിച്ച് അദ്ദേഹം മൊഡ്യൂളുമായി ബന്ധപ്പെട്ട ബിസിനസ്സ് ആശങ്കകളും പങ്കുവെക്കുകയും പരമാവധി പിന്തുണ നൽകാൻ അഭ്യർത്ഥിക്കുകയും ചെയ്തു. കെ രാജീവൻ ഉദ്ഘാടന പ്രസംഗത്തിൽ അഡ്മിനിസ്ട്രേറ്റിവ് ഒഫീസ്കളിലെ ഘടനാപരമായ മീറ്റിംഗിന്റെ ഉത്ഭവത്തെക്കുറിച്ചും എ.ഒ. തലത്തിൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ പ്രത്യേക നേട്ടത്തെക്കുറിച്ചും പരാമർശിച്ചു.

കോഴിക്കോട്ടെ എഒ മാനേജ്മെന്റും പെൻഷനേഴ്സ് അസോസിയേഷനും തമ്മിൽ നിലനിൽക്കുന്ന സൗഹൃദ ബന്ധത്തെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു. പെൻഷനേഴ്സ് അസോസിയേഷന് ഓഫീസ് സ്ഥലം അനുവദിച്ചതിനെക്കുറിച്ച് അദ്ദേഹം ഡിജിഎമ്മിനെ ഓർമ്മിപ്പിച്ചു. കുറച്ചു കാലമായി സഫലമാകാതെ കിടക്കന്ന ഈ വിഷയം പൂതിയ ഡി.ജി.എമ്മിന്റെ നാളുകളിൽ വളരെ വിജയകരമായ ഒന്നായി മാറട്ടെയെന്നും ആശംസിച്ചു.

അടുത്തതായി സംസാരിച്ച എ രാഘവൻ ഡിജിഎസ്, എസ്ബി ഐ പി എ യുടെ അഭ്യർത്ഥനപ്രകാരം ഐഡന്റിറ്റി കാർഡ് നൽകിയതിന് എച്ച്ആർ വകുപ്പിന് നന്ദി പറഞ്ഞു. സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ അനുവദിക്കാത്തതും തുടർന്നുള്ള പെൻഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങളെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു. എസ്ബിഐ യുടെ. ബിസിനസ് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് എല്ലാ പെൻഷൻകാരുടെയും ഉറച്ച പിന്തുണ അദ്ദേഹം ഡിജിഎമ്മിന് ഉറപ്പുനൽകി.

പിന്നീട് അജണ്ട ഇനങ്ങൾ ഓരോന്നായി സിഎംഎച്ച്ആർ വിനോദ്കുമാർ വർമ്മ ചർച്ചയ്ക്കെടുത്തു. സെപ്റ്റംബർ 30-ന് മുമ്പ് അർഹതപ്പെട്ട സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ അനുവദിക്കുന്നതുൾപ്പെടെ എല്ലാ ഇൻ ഇൻക്രിമെന്റ്

സംബന്ധിച്ച പ്രശ്നങ്ങളും കാലതാമസം കൂടാതെ പരിശോധിച്ച് പരിഹരിക്കുമെന്ന് ബന്ധപ്പെട്ട റീജിയണൽ മാനേജർമാർ ഉറപ്പുനൽകി.

ഓഫീസ് സ്പേസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട്, അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്തി എത്രയും വേഗം ഓഫീസ് നൽകണമെന്ന് ഡിജിഎം റീജിയണൽ മാനേജർ 1 നോട് നിർദ്ദേശിച്ചു. മറ്റെല്ലാ അജണ്ട ഇനങ്ങളും ചർച്ച ചെയ്യുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. മാനേജ്മെന്റുമായുള്ള ഘടനാപരമായ കൂടിക്കാഴ്ച വളരെ സൗഹാർദ്ദപരവും നല്ല ഫലങ്ങൾ നേടുന്നതുമായിരുന്നു.

മാനേജർ (എച്ച്ആർ) ആർബിഒ മലപ്പുറം അനുശ്രീ എസ്. യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ ഉയർത്തിക്കാട്ടി നന്ദിപ്രകടനം നടത്തി. ശേഷം. അസോസിയേഷന്റെ പേരിൽ കോഴിക്കോട് ജില്ലാ പ്രസിഡന്റ് ടി ബാലഗോപാല മേനോൻ, നന്ദിയും പറഞ്ഞു. ഉച്ചയ്ക്ക് 1.45 ന് യോഗം സമാപിച്ചു.

# സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും വൈക്കം ഏരിയ കമ്മിറ്റി യോഗവും

എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ കോട്ടയം ജില്ലാ കേന്ദ്രത്തിലെ, വൈക്കം ഏരിയാക്കമ്മറ്റി യോഗം തുറുവേലിക്കുന്നിലുള്ള ശ്രീകൃഷ്ണ ആയുർവേദ മെഡിക്കൽ ഹോസ്പിറ്റൽ ഓഡിറ്റോറിയത്തിൽ വച്ച് 26.08.2022 വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ 11.30 മണി വരെ നടത്തി.



വേദിയിൽ ഇടത്ത് നിന്നും ജോയിന്റ് കൺവീനർ ഡി.കെ.രാജഗോപാൽ, ജില്ലാ പ്രസിഡന്റ് കെ.എൻ.വിശ്വനാഥൻ നായർ, ഡി.ജി.എസ്. ഹെൻട്രി ജോൺ, അദ്ധ്യക്ഷൻ പി.പി.ഫിലിപ്പ്, അസിസ്റ്റന്റ് ജനറൽ സെക്രട്ടറി രാജശേഖരൻ നായർ, വനിതാ സ്റ്റേറ്റ് കമ്മിറ്റി അംഗം റൈസ ബീഗം, ജില്ലാ സെക്രട്ടറി പി.എം.ജേക്കബ്ബ് എന്നിവർ വേദിയിൽ



ശ്രീകൃഷ്ണ ആയുർവേദ മെഡിക്കൽ ഹോസ്പിറ്റൽ

വൈക്കം ഏരിയ കൺവീനർ അഡ്വക്കേറ്റ് പി പി ഫിലിപ്പ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. ജോയിന്റ് കൺവീനർ ഡി കെ രാജഗോപാൽ സ്വാഗതവും കോട്ടയം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഹെൻട്രി ജോൺ ഉദ്ഘാടനവും നിർവ്വഹിച്ചു.



സദസ്സിന്റെ ഒരു വീക്ഷണം




കോട്ടയം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഹെൻട്രി ജോൺ യോഗം ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുന്നു.



റിപ്പോർട്ട് അവതരിപ്പിക്കുന്ന വൈക്കം ജോയിന്റ് കൺവീനർ ഡി.കെ.രാജഗോപാൽ. (ഇടത്ത്). ആശംസകൾ അർപ്പിച്ച് ജില്ലാ സെക്രട്ടറി പി.എം. ജേക്കബ്ബ് സംസാരിക്കുന്നു. (വലത്ത്)

## വൈക്കം യൂണിറ്റിന് സംതൃപ്തി തന്ന പൊതുയോഗം

ഒരു പർണശാല പോലെ പരിശുദ്ധമായ പ്രകൃതിയുടെ നഗ്നമായ മടിത്തട്ടിലിരുന്നു മൂവായിരം വർഷങ്ങൾ പഴക്കമുള്ള ഭാരതത്തിന്റെ പരിശുദ്ധമായ ചികിത്സാ രീതികളെ കുറിച്ചു ഞങ്ങൾ കേട്ടു.

ആധുനിക വൃദ്ധരായ ഞങ്ങൾ സദാ ഇളം തെന്നലേറ്റ് കോൽമയിർകൊണ്ടു. ഒരു ചർച്ചയായി നടന്ന പഴമയുടെ ചികിത്സാപഠനം സ്വാന്തനം തരുന്ന ഒരു മാനസിക അനുഭവമായിരുന്നു. ക്ളാസുകൾക്കു ശേഷം നടന്ന ഡോക്ടർ - രോഗി ആശയവിനിമയം വൃദ്ധ മനസുകളെ ബലപ്പെടുത്തി. എല്ലാവർക്കും സൗജന്യ മരുന്നുകളും ലഭിച്ചു. ഒരു പകൽ പുണ്ണ്യപൂർണമായി പ്രയോജനപ്പെടുത്തിയ സംതൃപ്തി ഏറ്റവും വലുതായിരുന്നു. എല്ലാം കൈക്കുമ്പിളിൽ എത്തിച്ച എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷനെ ഞങ്ങൾ നെഞ്ചോടു ചേർത്തു.

വൈക്കം തുറുവേലിക്കുന്നിൽ പ്രശാന്തസുന്ദരമായ പ്രകൃതിയിൽ, ഇതെല്ലാം ഒരുക്കിയ, ആരെയും ആകർഷിക്കുന്ന ശ്രീകൃഷ്ണ ആയുർവേദ സെന്റർ എന്നും ഓർമയിൽ നില്ക്കും. വൈക്കം ഏരിയ കൺവീനർ അഡ്വക്കേറ്റ് പി പി ഫിലിപ്പ് ഉപക്രമപ്രസംഗത്തിൽ അഭിപ്രായപ്പെട്ടു.



ഡി.ജി.എസ് ഹെൻട്രി ജോണിനോടൊപ്പം ഉദ്ഘാടനത്തിൽ പങ്കെടുത്ത് ഭദ്രദീപം തെളിയിക്കുന്ന ഡോ.വിജിത്ത് ശശിധർ



അംഗങ്ങളുടെ നിറഞ്ഞ സാന്നിദ്ധ്യം



ഭദ്രദീപം തെളിയിക്കുന്ന ജില്ലാ പ്രസിഡന്റ് കെ.എൻ. വിശ്വനാഥൻ നായരും; ചടങ്ങിൽ സംസാരിക്കുന്ന വൈസ് പ്രസിഡന്റ് എം.പി. പുഷ്കരനും

## അഡ്വ. ജയശങ്കറുടെ വിമർശനങ്ങൾ

പ്രസ്തുത ചടങ്ങിൽ സാമൂഹ്യ വിമർശകൻ അഡ്വ. ജയശങ്കറുടെ സോഷ്യൽ മീഡിയായിലൂടെ പ്രചരിക്കുന്ന സ്റ്റേറ്റ് ബാങ്കിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള നിശിത വിമർശനങ്ങൾ ചർച്ചാ വിഷയമായി. അവധിദിവസമായിരുന്ന രണ്ടാം ശനിയാഴ്ച്ച ദിവസം പതാക ഉയർത്താതിരുന്ന നിരവധി സർക്കാർ ഓഫിസുകളും പൊതുമേഖലാ സ്ഥാപനങ്ങളും സംഘങ്ങളും സാർവ്വത്രികമായി ഉണ്ടായിരുന്നു എന്നത് ഒരു ന്യായീകരണമായിക്കാണാനാവില്ലെങ്കിലും അദ്ദേഹത്തിന്റെ തുടർന്നുള്ള പരാമർശങ്ങൾ മനപ്പൂർവ്വം കെട്ടിച്ചമച്ചതാണെന്ന് യോഗം വിലയിരുത്തി. രാജ്യത്ത് ഇത്രമാത്രം ബഹുജനാടിത്തറയുള്ളതും സാമൂഹ്യപ്രതിബദ്ധത ഏറ്റെടുക്കുന്നതുമായ ഒരു പ്രസ്ഥാനവും നിലവിലില്ലെന്നിരിക്കെ ജയശങ്കറേപ്പൊലുള്ളവർ സമയം കൊല്ലാൻ പോകുന്ന തരം യാതൊരു തിരക്കുമില്ലാത്ത ബാങ്കുകളുമായി താരതമ്യം ചെയ്തുള്ള അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ തീരെ വിലകുറഞ്ഞതായിപ്പോയിയെന്നും അത് അദ്ദേഹത്തെപ്പോലെ ചിന്താശേഷിയും പഠനോത്സുകതയുമുള്ള ഒരാളെന്ന നിലയ്ക്ക് മനസ്സിലാക്കി തിരുത്തണമെന്നും യോഗം അഭിപ്രായപ്പെട്ടു. അതിന്റെ അന്തസത്തക്കനുസരിച്ച് ഒരു പ്രമേയം പാസ്സാക്കുകയും അത് അഡ്വ.ജയശങ്കറിന് അയച്ചു കൊടുക്കുവാൻ തീരുമാനിക്കുകയും ചെയ്തു .

## വൈക്കം യൂണിറ്റിന് വേണ്ടി പാസാക്കുന്ന പ്രമേയം

അഡ്വ.ജയശങ്കർ സ്റ്റേറ്റ് ബാങ്കിന്റെ പ്രവർത്തനങ്ങളെ കുറിച്ചു പറഞ്ഞ ആക്ഷേപങ്ങളെ ഈ യോഗം ശക്തമായി അപലപിക്കുന്നു. അദ്ദേഹം ബ്രാഞ്ച് മാനേജരെ വ്യക്തിഹത്യ നടത്തിയതിൽ പ്രതിഷേധം രേഖപ്പെടുത്തുന്നു. അദ്ദേഹം നിലപാട് തിരുത്തണമെന്നും ആവശ്യപ്പെടുന്നു

തുടർന്ന് 75 വയസ്സ് കഴിഞ്ഞ പെൻഷനേഴ്സിനെ മുൻ ഡിജിഎസ് മാത്യു അടയ്ക്കാമുണ്ടക്കൻ, പൊന്നാട അണിയിച്ച് ആദരിച്ചു.




മുൻ ഡിജിഎസ് മാത്യു അടയ്ക്കാമുണ്ടക്കൻ, വനിതാ സ്റ്റേറ്റ് കമ്മിറ്റി അംഗം റൈസ ബീഗം എന്നിവർ മുതിർന്ന അംഗങ്ങളായ ജോസഫ്.സി.കെ, പി.എസ്. രുഗ്മിണീദേവി,. എന്നിവരെ പൊന്നാട അണിയിച്ച് ആദരിക്കുന്നു.



സന്തോഷത്തിന്റെ നിമിഷങ്ങൾ




അസിസ്റ്റന്റ് ജനറൽ സെക്രട്ടറി രാജശേഖരൻ നായർ, സംസാരിക്കുന്നു. (ഇടത്ത്) പെൻഷൻകാർ ഡിജിറ്റൽ ബാങ്ക് സേവനങ്ങൾ ഉപയോഗപ്പെടുത്തണമെന്നും അത്യാവശ്യ രേഖകളുടെയും ഇൻഷ്വറൻസ് ഐ.ഡി. കാർഡുകളുടെയും മറ്റും വിവരങ്ങൾ ജീവിത പങ്കാളിയുമായി പങ്ക്വെയ്ക്കണമെന്നും ഉദ്ബോധിപ്പിക്കുന്ന മുൻ ഡിജിഎസ്.മാത്യു അടയ്ക്കാമുണ്ടക്കൻ (വലത്ത്)

വിവിധ വിഷയങ്ങളെ പറ്റി അസിസ്റ്റന്റ് ജനറൽ സെക്രട്ടറി രാജശേഖരൻ നായർ, ജില്ലാ പ്രസിഡൻറ് വിശ്വനാഥൻ നായർ വനിതാ സ്റ്റേറ്റ് കമ്മിറ്റി അംഗം റൈസ ബീഗം, ജില്ല സെക്രട്ടറി പി എം. ജേക്കബ്, വൈസ് പ്രസിഡണ്ട് എം. പി. പുഷ്കരൻ, കോട്ടയം ജില്ലാ എസ്.ബി.ഐ. പെൻഷനേഴ്സ് സൊസൈറ്റി പ്രസിഡന്റ് എം.ജി. രാഘവൻ എന്നിവർ സംസാരിച്ചു. എക്സിക്യൂട്ടീവ് കമ്മറ്റിയംഗം വി.ജോൺ കൃതജ്ഞത പ്രകാശിപ്പിച്ചു. യോഗം ഉച്ചയ്ക്ക് 12 മണിയോടുകൂടി അവസാനിച്ചു.

# മെഡിക്കൽ ക്യാമ്പ്

അനന്തരം കുറച്ച് പ്രായമായ അംഗങ്ങളുടെ പ്രഷർ, താപനില, ഓക്സിജൻ നില, തൂക്കം എന്നിവ പരിശോധിച്ച് റിക്കോർഡ് ചെയ്ത് ഒരു ജൂനിയർ ഡോക്ടറുടെ അടുത്ത് പരിശോധനകൾ നടത്തി രോഗവിവരങ്ങൾ ശേഖരിച്ച് ഡോ. വിജിത്ത് ശശിധറുടെ അടുത്ത് എത്തിച്ച് ചികിത്സകൾ ആവശ്യമെങ്കിൽ അവ നിർണ്ണയിക്കുകയും ആവശ്യമുള്ള മരുന്നുകൾ സൗജന്യമായി നല്കുകയും ചെയ്തു. തുടർന്ന് പ്രകൃതിയുടെ മടിത്തട്ടിൽ ഒരുക്കിയ ഉച്ച ഭക്ഷണത്തിനായി പിരിഞ്ഞു. വിശ്രമത്തിനും പ്രാഥമികാവശ്യങ്ങൾക്കുമായി വിദേശത്തു നിന്നുള്ളവരെ താമസിപ്പിക്കുന്ന രണ്ട് സ്യൂട്ടുകൾ ഒരുക്കിയിരുന്നു.



ഹൃദ്യവും പ്രകൃതിരമണീയവുമായ പശ്ചാത്തലത്തിൽ ഉച്ച ഭക്ഷണം



പ്രകൃതിയുടെ മടിത്തട്ടിൽ ഒരുക്കിയ ഉച്ച ഭക്ഷണം

ഉച്ചകഴിഞ്ഞ് വീണ്ടും യോഗസ്ഥലത്ത് ഒത്തുകൂടി കുറേ അംഗങ്ങളെ പരിശോധിച്ച് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ നാം അനുഷ്ഠിക്കേണ്ട ജീവിത

ചര്യാ ക്രമീകരണങ്ങളേസ്സംബന്ധിച്ചും സ്വാസ്ഥ്യ ജീവിതത്തിനുതകുന്ന മാർഗ്ഗങ്ങളേക്കുറിച്ചും വിശദമായി ചർച്ച നടന്നു.




സ്വാസ്ഥ്യ ജീവിതത്തെക്കുറിച്ച് പ്രഭാഷണം നടത്തുന്ന ശ്രീകൃഷ്ണ ആയുർവേദ ഹോസ്പിറ്റലിലെ ചീഫ് മെഡിക്കൽ ഓഫീസർ ഡോ.വിജിത്ത് ശശിധർ

അംഗങ്ങൾക്ക് വളരെ വിലപ്പെട്ട നിർദ്ദേശങ്ങളാണ ലഭിച്ചത്. അതിന ശേഷം ശേഷിച്ച എല്ലാവരേയും പൊതു പർശോധനകൾക്ക് ശേഷം രണ്ട് ഗ്രൂപ്പാക്കി ശ്രീകൃഷ്ണ ആയുർവേദ ഹോസ്പിറ്റലിലെ ചീഫ് മെഡിക്കൽ ഓഫീസർ ഡോക്ടർ. വിജിത്ത് ശശിധറും, അദ്ദേഹത്തിന്റെ സഹധർമ്മിണി ഡോക്ടർ വിദ്യ വിജിത്തും ചേർന്ന് പരിശോധിച്ച് ആവശ്യമായ മരുന്നുകൾ നല്കിയും നിർദ്ദേശങ്ങൾ കൊടുത്തും വിട്ടു. പി.ആർ.ഓ. അശ്വഘോഷും ഹോസ്പിറ്റലിലെ ഫാർമസി വിഭാഗം ജീവനക്കാരും എല്ലാ കാര്യങ്ങളിലും നമ്മോട് ചേർന്ന് സഹകരിച്ചു. 5.30 മണിയോടെ ഒരു സ്വാന്ത്വനസ്പർശമേറ്റ അനുഭൂതിയോടെ എല്ലാവരും പിരിഞ്ഞു പോയി.

# കൊല്ലത്ത് എ.ഒ. യിൽ നടന്ന ഘടനാപരമായ യോഗം

എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കേരള, കൊല്ലം യൂണിറ്റുമായി കൊല്ലം എസ്ബിഐ അഡ്മിനിസ്ട്രേറ്റിവ് ഒഫീസ് ആഗസ്റ്റ് 23 ന് ഉച്ചയ്ക്ക് 3 മണിക്ക് കോൺഫറൻസ് ഹാളിൽ വെച്ച് സ്ട്രക്ചർഡ് മീറ്റിംഗ് നടത്തി.



സ്ട്രക്ചേർഡ് മീറ്റിംഗിൽ ഡെ. ജനറൽ മനേജർ മഹേഷ്കുമാർ.. അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്നു.

കൊല്ലം മാനേജ്മെന്റിനെ പ്രതിനിധീകരിച്ച് ഡിജിഎം മഹേഷ്കുമാർ പങ്കെടുത്തു. ബാങ്കിന്റെ ഭാഗത്തുനിന്ന് എല്ലാ റീജിയണൽ മാനേജർമാരും അവരുടെ മാനേജർ (എച്ച്. ആർ.) മാരും വീഡിയോ കോൺഫെറൻസ് വഴിയും അല്ലാതെയും സന്നിഹിതരായിരുന്നു. കൂടാതെ ചീഫ് മാനേജർ (എച്ച്. ആർ.). എം മനോജ് ഡെപ്യൂട്ടി മാനേജർ (എച്ച്. ആർ.) വി.വി.ഷാരോൺ എന്നിവർ ഉണ്ടായിരുന്നു. RBO I. RM ഷീബ ചിത്തജൻ, R BO കൊട്ടാരക്കര, പത്തനംതിട്ട, തിരുവല്ല എന്നിവിടങ്ങളിലെ എച്ച്ആർ മാനേജർമാർ എന്നിവർ വിസിയിലുണ്ടായിരുന്നു.

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ വൈസ് പ്രസിഡന്റ് ബി സി ഉണ്ണികൃഷ്ണൻ നായർ, ഡിജിഎസ്, ഗണപതി കൃഷ്ണൻ, എജിഎസ്, രാമകൃഷ്ണ പിള്ള, കൊല്ലം ജില്ലാ യൂണിറ്റ് പ്രസിഡന്റ്, എസ്. ഗോപകുമാർ, സെക്രട്ടറി, ടി.സി. പുരുഷോത്തമൻ പിള്ള, ട്രഷറർ ചന്ദ്രഭാനു, അസി.സെക്രട്ടറി യൂസഫ്, പത്തനംതിട്ട ജില്ലാ സെക്രട്ടറി പി.ഐ.മാത്യു, ട്രഷറർ എബ്രഹാം ജോർജ് എന്നിവർ സന്നിഹിതരായിരുന്നു.

സിഎംഎച്ച്ആർ എം മനോജ് സ്വാഗതം പറഞ്ഞു. അധ്യക്ഷ പ്രസംഗത്തിൽ ഡിജിഎം കൊല്ലം എഒയുടെ ബിസിനസ് പ്രകടനത്തെ സ്പർശിച്ചു. 90-കളുടെ തുടക്കത്തിൽ കൊല്ലം ശാഖയിൽ ഉണ്ടായിരുന്ന എസ്. സാലിയുടെ (ഡിഎംഡി) സമീപകാല സന്ദർശനത്തെക്കുറിച്ച് അദ്ദേഹം വിശദമായി പറഞ്ഞു. നമ്മുടെ ബാങ്കിന്റെ പ്രധാന സ്ഥാനം നിലനിർത്തുന്നതിന് ബിസിനസ് വികസനത്തിന് പെൻഷൻകാരുടെ സഹായവും പിന്തുണയും ഡിജിഎം അഭ്യർത്ഥിച്ചു.

എ.ഒ. ഭാരവാഹികളും നമ്മുടെ സംഘടനയും തമ്മിലുള്ള ഊഷ്മളമായ ബന്ധത്തിൽ ബി സി ഉണ്ണികൃഷ്ണൻ നായർ സന്തോഷം പ്രകടിപ്പിച്ചു. ഇനിപ്പറയുന്ന കാര്യങ്ങൾ അദ്ദേഹം ഫ്ലാഗ് ചെയ്യുകയും പരിഹാരത്തിന് ഉചിതമായ നടപടികൾ ആരംഭിക്കാൻ ഡിജിഎമ്മിനോട് അഭ്യർത്ഥിക്കുകയും ചെയ്തു



ചർച്ചകൾക്ക് തുടക്കമിടുന്ന വൈസ് പ്രസിഡന്റ് ബി സി ഉണ്ണികൃഷ്ണൻ നായർ

1 പെൻഷൻ നൽകുന്ന ശാഖയിൽ പെൻഷൻ പേമെന്റ് ഓർഡറുകളുടെ പകർപ്പ് ലഭ്യമാക്കുന്നതിന് നടപടി വേണം. . ശാഖകളിൽ നിന്ന് ഇക്കാര്യത്തിൽ സ്ഥിരീകരണം നേടണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

2. നമ്മുടെ ബാങ്കിന്റെ പൊതു പരിപാടികളിലും അസോസിയേഷൻ പ്രതിനിധികളെ ക്ഷണിക്കണം.

3. മരിച്ച പെൻഷൻകാർക്ക് അവരുടെ വീട് സന്ദർശിച്ചും റീത്ത് വച്ചും ആദരിക്കൽ.

എ.ഒ, ആർബിഒ എന്നിവിടങ്ങളിൽ ഉദ്യോഗസ്ഥർ മാറുമ്പോൾ നമ്മുടെ പ്രതിനിധികളുമായി ബന്ധപ്പെടാനും അദ്ദേഹം നിർദ്ദേശിച്ചു. ഡിജിഎസ് ഗണപതി കൃഷ്ണൻ സംഘടനയെ സ്വാതന്ത്ര്യ ദിനാഘോഷത്തിലേക്ക് ക്ഷണിച്ചതിന് എ.ഒ. ഭാരവാഹി കൾക്ക് നന്ദി പറഞ്ഞു.



ഡിജിഎസ് ഗണപതി കൃഷ്ണൻ സംസാരിക്കുന്നു.

എല്ലാ തലങ്ങളിലും ഈ രീതി തുടരണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. കഴിഞ്ഞ യോഗത്തിൽ എടുത്തതും ഇതുവരെ പരിഹരിച്ചിട്ടില്ലാത്തതുമായ രണ്ട് പ്രശ് നങ്ങളെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു, നേരത്തെ നടപടിയെടുക്കാൻ അഭ്യർത്ഥിച്ചു. സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അനുവദിച്ചതിനു ശേഷവും ഫാമിലി പെൻഷൻ പരിഷ്കരിച്ചതിനു ശേഷവും പുതുക്കിയ പിപിഒ കൾ പിപിജി നൽകാനുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

വി.വി.ഷാരോൺ, ഡെ. മാനേജർ (എച്ച്ആർ) നന്ദി പറഞ്ഞു. അസോസ്സിയേഷന്റെ ഭാഗത്തു നിന്നും ജില്ലാ സെക്രട്ടറി, ടി സി പുരുഷോത്തമൻ പിള്ള പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു.

## പഞ്ചാബ് നാഷണൽ ബാങ്ക് സംയുക്ത പെൻഷൻ സംഘടന



**പഞ്ചാബ് നാഷണൽ ബാങ്ക് പെൻഷൻ കാരുടെ സംയുക്ത സംഘടന ഡെൽഹിയിൽ നടത്തിയ പ്രക്ഷോഭത്തിൽ നിന്ന്**

## നർമ്മ വീഥി












Bank employees pension updation.........



We met and decided to meet again and discuss the next date of meeting to form a committee which will meet to finalize the meeting to meet again....

# കൗതുക വാർത്തകൾ

# കർണാടകത്തിലും പുതുതായി ഞണ്ട് കണ്ടെത്തി

കർണാടകയിലെ പശ്ചിമഘട്ട മേഖലയിലെ യല്ലപൂർ മേഖലയിൽ ഗവേഷകർ പുതിയ ഇനം ശുദ്ധജല ഞണ്ടിനെ കണ്ടെത്തി. ഘടിയാന ദ്വിവർണ' എന്നാണ് പുതിയ ഞണ്ട് ഇനത്തിന് പേരിട്ടിരിക്കുന്നത്. രണ്ട് നിറമുള്ളതിനാൽ സംസ്കൃത പദങ്ങളായ ദ്വി (രണ്ട്) വർണ്ണം (നിറങ്ങൾ) അടിസ്ഥാനമാക്കിയാണ് പേര്.



ശുദ്ധജല. ഞണ്ട് 'ഘടിയാന ദ്വിവർണ'

കാർവാർ (കർണാടക) വനംവകുപ്പ് ജീവനക്കാരായ പരശുരാമ ഭജൻത്രി, പ്രകൃതിശാസ്ത്രജ്ഞരായ ഗോപാലകൃഷ്ണ ഹെഗ്ഡെ, സമീരകുമാർ പതി, തേജസ് താക്കറെ എന്നിവരടങ്ങിയ സംഘമാണ് ഘട്ടിയാന ജനുസ്സിൽ പെട്ട ശുദ്ധജല ഞണ്ടുകളെ കണ്ടെത്തിയത്.

ലോകത്ത് 4000 ഇനം ഞണ്ടുകളുണ്ടെന്നാണ് കണക്ക്. ഇതിൽ 125 വ്യത്യസ്ത ഇനം ഞണ്ടുകളെ ഇന്ത്യയിൽ കണ്ടെത്തിയിട്ടുണ്ട്. ഘട്ടിയാന ജനുസ്സിൽ ഇതുവരെ 13 വ്യത്യസ്ത ഇനം ശുദ്ധജല ഞണ്ടുകളെ തിരിച്ചറിഞ്ഞിട്ടുണ്ട്, പുതുതായി കണ്ടെത്തിയ ഘട്ടിയാന ബൈകളർ 14-ാമത്തെ ശുദ്ധജല ഞണ്ടാണ്.




ഒരു ദിശ കുറഞ്ഞുപോയി. താഴേയ്ക്ക്! അല്ലായിരുന്നെങ്കിൽ ഏതു ഭാഗത്തുനിന്നും കോട്ടയത്തെത്തുമായിരുന്നു.

## കയറിലും കള്ളിലുമാണ് ജീവിതം....




# മഹാത്മാ അയ്യങ്കാളി



125 വർഷങ്ങൾക്ക് മുമ്പ്, 'അയിത്തജാതി' പുലയ ജാതിയിൽ നിന്നുള്ള 30 വയസ്സുള്ള ഒരാൾ പഴയ തിരുവിതാംകൂറിലെ രാജവീഥികളിലൂടെ 'വില്ലുവണ്ടി' ഓടിച്ചു കയറി കേരളത്തിലെ സാമൂഹിക നവീകരണ ചരിത്രത്തിലേക്ക് കടന്നുവന്നു. ഓഗസ്റ്റ് 28 ആ ധീര സാമൂഹിക പ്രവർത്തകന്റെ 155-ാം ജന്മദിനം... അറിയുന്തോറും ആദരവ് കൂടിവരുന്ന പ്രതിഭാസമാണ് മഹാത്മ അയ്യൻകാളി. ഒരു പക്ഷേ സവർണ്ണർക്കെതിരെ പട നയിച്ചതു കൊണ്ടാവാം ചരിത്രം പോലും ആ മഹാത്മാവിന് വേണ്ടത്ര പരിഗണന കൊടുക്കാതിരുന്നത് .

ഇന്ന് അവിശ്വസനീയമായി തോന്നിയേക്കാവുന്ന വിപ്ലവകരമായ ഇടപെടലുകളിലൂടെ കേരളീയ സമൂഹത്തെ അടിമുടി മാറ്റിമറിച്ച മറ്റൊരു സാമൂഹ്യ പരിഷ്ക്കർത്താവിനെ എടുത്തു കാട്ടുവാൻ ഇല്ലെന്ന് നിസ്സംശയം പറയാം.

ഉയർത്തിപ്പിടിച്ച ശിരസ്സും ഇടറാത്ത കാലടിയുമായി ഈ യുഗപുരുഷൻ ചവിട്ടി തെളിച്ച മണ്ണിൽ വളർന്ന വിപ്ലവമേ ഇന്നും കേരളത്തിൽ ഉള്ളു...!!

# വായനക്കാർ എഴുതുന്നു




## ടി.വി. ചാനലുകളിലെ അന്തിച്ചർച്ചകൾ

വൈകുന്നേരം, നാട്ടിലെ ഈശ്വരവിശ്വാസികൾ സന്ധ്യാ നമസ്കാരങ്ങൾക്കായി മാറ്റിവച്ചിരുന്ന സമയത്തു ഈ മാധ്യമങ്ങൾ, ഓരോ പേരിട്ടു, ചില വിഷയങ്ങൾ പൊക്കിയെടുത്തു ഒരു മണിക്കൂർ ചർച്ച നടത്തുകയാണ്.

ഈ ചർച്ചകൾ ഭവനങ്ങളിലെ സന്ധ്യാപ്രാർത്ഥന, അത്താഴം, കുട്ടികളുടെ പഠനം, കുടുംബാംഗങ്ങളുടെ ദിനാന്ത്യ കൂട്ടു ചർച്ച ... ഇവയെ എല്ലാം തകിടം മറിക്കുന്നു. ചർച്ചകൾ പലപ്പോഴും അനാവശ്യ വിഷയങ്ങളെ പറ്റിയാണ്. ഒരു വിഷയത്തിൽ പാലിക്കേണ്ട പരിധിയും പരിമിതികളും ഇവയിൽ പാലിച്ചുകാണാറില്ല. പലപ്പോഴും ഈ ചർച്ചയിൽ പങ്കെടുക്കുന്നവർ വിവേകം വിട്ടു ദുർമ്മാത്യകയായി പുലമ്പുന്നത് കാണാറുണ്ട്. പങ്കെടുക്കുന്നവരുടെ വാഗ്വിലാസം അഴിച്ചുവിടാനുള്ള അവസരമാക്കി ഇതിനെ തരം താഴ്ത്താറുണ്ട്.

ചാനലുകാർ നിശ്ചയിക്കുന്ന വഴിയേ തന്നെ ചർച്ച പോകണമെന്ന് അവർക്കു നിർബന്ധമുള്ളതു കൊണ്ടു സ്വതന്ത്രമായി സംസാരിക്കാൻ ആരെയും അനുവദിക്കാറില്ല. പങ്കെടുക്കുന്ന വളരെ സീനിയർ ആയവരോടും ആങ്കർമാർ ഒരു മര്യാദയും കാണിക്കാറില്ല. ചിലരെയെങ്കിലും കണക്കറ്റ് പരിഹസിക്കാറുമുണ്ട്. ആത്മാഭിമാനമുള്ളവർക്ക് ഈ ചർച്ചയിൽ പങ്കെടുക്കാൻ പറ്റില്ല.

ചർച്ചാവിഷയത്തിന്റെ തെരഞ്ഞെടുപ്പിലും മറ്റാർക്കും ഒരു റോളുമില്ല. മറ്റൊരു സങ്കടം വിഷയമേതായാലും ചർച്ചക്കാർ ഈ സ്ഥിരം തൊഴിലാളികൾ തന്നെ എന്നുള്ളതാണ്. ഇടക്കിടെ, ഇവരെ ഒന്ന് ചേയ്ഞ്ച് ചെയ്തുകൂടേ? ഒരിക്കൽ മാന്യത കാണിക്കാത്തവരെ, പിന്നെ പിടിച്ചിരുത്താതെ നോക്കിക്കൂടേ? ചില ദിവസങ്ങളിൽ ഒരു മണിക്കൂർ ചർച്ച ചെയ്യേണ്ട കാര്യമില്ലാത്ത വിഷയങ്ങളും കാണാം. എല്ലാ ചാനലുകാരും ഈ ചർച്ചയ്ക്കു ഒരേ സമയം തെരഞ്ഞെടുക്കാതെ, ഇതു പല സമയത്താക്കിക്കൂടെ? ആങ്കർമാരുടെ ഇടപെടൽ കണ്ടിരിക്കുന്നവരെ പോലും ചിലപ്പോൾ അലോസരപ്പെടുത്താറുണ്ട്. പലർക്കും ഇനിയും പലതും പറയാനുണ്ടാകും. ഏതായാലും അന്തിച്ചർച്ചയുടെ കെട്ടും മട്ടും മാറ്റി അവതരിപ്പിക്കാൻ സമയം വൈകി.

**അഡ്വ.പി.പി.ഫിലിപ്പ്**




## നൈനിത്താൾ തടാകം




കെ.കെ.കൃഷ്ണൻ കുട്ടി ഓയിൽ പെയിന്റിൽ തീർത്ത നൈനിത്താൾ തടാകത്തിന്റെ വർണ്ണച്ചിത്രം.

## ജെയ് ജവാൻ



കോട്ടയം ഏരിയാ-2 എക്സിക്യൂട്ടീവ് അംഗം നാറാണത്തു മഠം പ്രസന്നകുമാറിനെ വിജയപുരം പഞ്ചായത്ത് ആദരിച്ചപ്പോൾ




## യാത്രയയപ്പ്
### മംഗളാശംസകൾ!!



എറണാകുളം ഇന്റർനാഷണൽ സർവീസ് ശാഖയിൽ നിന്നും 31.07.2022ന് ബാങ്ക് സർവീസിൽ നിന്ന് വിരമിച്ച ഡെ. മാനേജർ പ്രേമ.കെ.എസ്. , എജി.എം ജി.പദ്മരാജൻ എന്നിവർക്ക് നല്കിയ യാത്രയയപ്പിൽ വിടവങ്ങൽ പ്രസംഗം നടത്തുന്ന പദ്മരാജൻ. റിട്ടയർ ചെയ്ത ശ്രീമതി. പ്രേമയേയും കാണാം.



പ്രേമ.കെ.എസ്. , എജി.എം ജി.പദ്മരാജൻ എന്നിവർക്ക് നല്കിയ യാത്രയയപ്പ് വേളയിലെടുത്ത ചിത്രം.

ഇരുവർക്കും ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.



## പീറ്റർ സെബാസ്റ്റ്യൻ

ആർ.എ.സി.പി.സി തൃശ്ശൂർ കേന്ദ്രത്തിൽ നിന്നും 31.07.2022ന് ബാങ്ക് സർവീസിൽ നിന്ന് വിരമിച്ച എ.ജി.എം പീറ്റർ സെബാസ്റ്റ്യൻ




കോട്ടയം എസ്.എം.ഇ. ബ്രാഞ്ചിൽ നിന്നും 31.07.2022 നു വിരമിച്ച. സുരേഷ്കുമാർ.ജി.യുടെ യാത്രയയപ്പു യോഗത്തിൽ സംഘടനയെ പ്രധിനിധീകരിച്ചു ജില്ലാ പ്രസിഡന്റ് പങ്കെടുക്കുന്നു.

## കൊമേർഷ്യൽ ബ്രാഞ്ച് ഡി.ജി.എം എസ്.ദിലീപ്




എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ സെന്റർ വൈസ് പ്രസിഡന്റും തൃക്കാക്കര ഏരിയ കൺവീനറുമായ പി.ജെ.പാപ്പച്ചൻ കൊമേർഷ്യൽ ബ്രാഞ്ച് ഡി.ജി.എം എസ്.ദിലീപിന് 30.7.22 ന് പാലാരിവട്ടത്തെ ഹോട്ടൽ റിനൈസൻസിൽ വെച്ച്

നല്കിയ യാത്രയയപ്പ് ചടങ്ങിൽ ആശംസകൾ നേർന്ന് സംസാരിക്കുന്നു.

# 2022 ആഗസ്റ്റ് മാസം വിരമിക്കുന്നവർ

10 പേരാണ്. 2022 ആഗസ്റ്റ് അവസാനം സർവീസ് പൂർത്തിയാക്കി വിരമിക്കുന്നത്. ഇത്ര നാളും സജീവ മായി ഔദ്യോഗിക രംഗത്ത് പ്രവർത്തിച്ചിരുന്നവർക്ക് പെട്ടെന്ന് ഒരു ശൂന്യതാ ബോധവും ആലസ്യവും തോന്നാനിടയുണ്ട്. എന്നാൽ ഏറെ ക്രിയാത്മകവും ആത്മസംതൃപ്തിയേകുന്നതുമായ, തങ്ങളുടേത് മാത്രമായ, തിരക്കേറിയ പ്രവർത്തി മണ്ഡലം നമ്മളെ കാത്തിരിക്കുന്നുവെന്നതാണ് വാസ്തവം. ഏറ്റവും പ്രിയപ്പെട്ട മനസ്സിനിണങ്ങിയ വിനോദവൃത്തികളി ലേർപ്പെടുവാനും, വിനോദയാത്രകൾ, ആഘോഷങ്ങ ൾ എന്നിവകൾ നടത്തുവാനും ഒത്തുചേരലിലുമെ ല്ലാം സജീവമാകുവാനും പോവുക യാണ് ഇനി.

ഓർക്കുക, ബാങ്കുമായി നമ്മുടെ ബന്ധം വേറിട്ടു കഴിഞ്ഞു. നമുക്ക് നാം മാത്രമാണിനി ആശ്രയം. അംഗീകൃത സംഘടനയായ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനിൽ ചേർന്ന് നമുക്കൊരുമിച്ച് നില്ക്കാം. സ്വാഗതം! എല്ലാവർക്കും ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

1. ബാബുകുമാർ.പി. ചീഫ് അസോസ്സിയേറ്റ്, പി.ബി.ശാഖ ആലപ്പുഴ
2. ജോൺസൺ.സി.എൻ. അസി. മാനേജർ, മണക്കാട് ജംഗ്ഷൻ ശാഖ, തൊടുപുഴ
3. സജിത്ത് . കെ.സി. ചീഫ് അസോസ്സിയേറ്റ്, താഴേ ചൊവ്വ ശാഖ, കണ്ണൂർ
4. റീത്താമ്മ.ഡി.ജെ. സീനിയർ ഹെഡ് മെസ്സഞ്ജർ, കോട്ടയം ഠൗൺ ശാഖ
5. ഭാനുമതി പുത്തൂർ, ഹെഡ് മെസ്സഞ്ജർ, താനൂർ ശാഖ
6. കൃഷ്ണമൂർത്തി.എസ്., ചീഫ് അസോസ്സിയേറ്റ്, ശേഖരീപുരം ശാഖ, പാലക്കാട്
7. ജോസ്.എ.കെ. സീനിയർ ഹെഡ് ആംഡ് ഗാർഡ്, ചാലക്കുടി ശാഖ.
8. ഉമാ റാവു, ചീഫ് അസോസ്സിയേറ്റ്, പാറമേ ക്കാവ് ശാഖ, തൃശ്ശൂർ
9. കിരൺ പൈ, ചീഫ് അസോസ്സിയേറ്റ് കുമാരപുരം ശാഖ, തിരുവനന്തപുരം
10. പ്രേംജിത്ത്കുമാർ.വി.ജി. ചീഫ് അസോസ്സി യേറ്റ് സാർക്ക്, തിരുവനന്തപുരം

# റീത്താമ്മ.ഡി.ജെ.



റീത്താമ്മ.ഡി.ജെ.

36 വർഷവും 9 മാസവും പിന്നിട്ട മികച്ച സേവന ത്തിന് ശേഷം 31.08.2022 ന്, കോട്ടയം ഠൗൺ ശാഖയിൽ നിന്നും വിരമിക്കുന്ന റീത്താമ്മ. ഡി. ജെ. സീനിയർ ഹെഡ് മെസ്സഞ്ജർ,. യാത്രാമംഗളങ്ങൾ!! സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

## വിരമിച്ചവർക്കും വിരമിക്കാൻ പോകുന്നവർക്കും രാജ്യത്ത് ഒരു വിലയുമില്ല- ചീഫ് ജസ്റ്റിസ് രമണ



വിരമിച്ചവർക്കും വിരമിക്കാൻ പോകുന്നവർക്കും രാജ്യത്ത് ഒരു വിലയുമില്ലെന്ന് ചീഫ് ജസ്റ്റിസ് എൻ. വി. രമണ യുടെ നിരീക്ഷണം. രാഷ്ട്രീയ പാർട്ടികൾ പ്രഖ്യാപിക്കുന്ന തിരഞ്ഞെടുപ്പ് സൗജന്യങ്ങൾക്ക് എതിരായ ഹർജി പരിഗണിക്കുമ്പോഴാണ് ചീഫ് ജസ്റ്റിസ് ഈ അഭിപ്രായം പ്രകടിപ്പിച്ചത്. ഹർജി പരിഗണിക്കുന്ന വേളയിൽ തിരഞ്ഞെടുപ്പ് സൗജന്യങ്ങളേക്കുറിച്ച് പഠിക്കാൻ സമിതി രൂപവത്കരിക്കണമെന്ന് സീനിയർ അഭിഭാഷകൻ വികാസ് സിങ് ആവശ്യപ്പെട്ടിരുന്നു. സുപ്രീം കോടതിയിൽനിന്ന് വിരമിച്ച ചീഫ് ജസ്റ്റിസ് ആർ. എം. ലോധയാണ് സമിതിക്ക് നേതൃത്വം നൽകേണ്ടതെന്നും വികാസ് സിങ് പറഞ്ഞു. തുടർന്നാണ് വിരമിച്ചവർക്കും, വിരമിക്കുന്നവർ ക്കും ഒരു വിലയും രാജ്യത്ത് ഇല്ലെന്ന് ചീഫ് ജസ്റ്റിസ് അഭിപ്രായപ്പെട്ടത് .

## അനുമോദനങ്ങൾ!!

വി.ആർ.ബി നായർ ആർട്ട് ഓഫ് ലിവിങ്
കോട്ടയം ജില്ലാ ചെയർമാൻ; വിഷ്ണു സെക്രട്ടറി




## എം.കെ.മനോഹരന് സർഗ്ഗവേദി തങ്കപ്പൻ പുരസ്കാരം



എം.കെ.മനോഹരൻ

ഈ വർഷത്തെ സർഗ്ഗവേദി തങ്കപ്പൻ പുരസ്കാരത്തിന് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ യൂണിറ്റ് അംഗം കഥാകൃത്തും നാടകരചയിതാവുമായ എം.കെ.മനോഹരന തിരഞ്ഞെടുത്ത വിവരം ഏറെ അഭിമാനത്തോടെ റിപ്പോർട്ട് ചെയ്യുന്നു. 11,111.00 രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്.

**അഭിനന്ദനങ്ങൾ!!**

## പ്രതീക്ഷിക്കുക!



## അടുത്ത ലക്കം മുതൽ ആരംഭിക്കുന്നു

**മുൻ ട്രെയിനിംഗ് ഫാക്കൾട്ടി അംഗവും നമ്മുടെ എറണാകുളം യൂണിറ്റ് അംഗവുമായ റിട്ട. എ.ജി.എം.**

## ബി.ബാലഗോപാലിന്റെ

**അമേരിക്കൻ അനുഭവക്കുറിപ്പുകൾ**

## വ്യത്യസ്തതയാർന്ന യാത്രാ വിവരണം

# ബ്രഹ്മാണ്ഡം

ബ്രഹ്മാണ്ഡം അനന്തമായ നക്ഷത്രങ്ങളെക്കൊണ്ടും ചെറു ബ്രഹ്മാണ്ഡങ്ങളെക്കൊണ്ടും ഗാലക്സികളാൽ പടുക്കപ്പെട്ടവയാണ് . നമ്മുടെ സൂര്യനെ ഉൾക്കൊള്ളുന്ന ഗാലക്സിയിൽ പതിനായിരം കോടി നക്ഷത്രങ്ങളോളമുണ്ട്. ഈ ഗാലക്സിയുടെ കേന്ദ്രത്തിനു ചുറ്റുമായി സൂര്യൻ ഏതാണ്ട് 20 കോടി കൊല്ലത്തിൽ ഒരിക്കൽ എന്ന വേഗത്തിൽ , സെക്കന്റിൽ 250 കി.മീ വേഗത്തിൽ , ചുറ്റുന്നുമുണ്ട് . ആകാശത്തിന്റെ ഒരു തുണ്ട് മാത്രമാണ് നാസ അധികൃതർ പുറത്തുവിട്ട ഈ വെബ് ചിത്രം. (താഴെ) ഒരാൾ കൈയിൽ വാരി എടുത്ത ഒരു പിടി മണലിന് തുല്യം!

## അനന്തം! അജ്ഞാതം!! അവർണ്ണനീയം!!!



പ്രപഞ്ചത്തിന്റെ
ഒരു ചെറിയ തുള്ളിയിലെ ആയിരക്കണക്കിന്
താരാപഥങ്ങളെ വെളിപ്പെടുത്തുന്നു





### അത്തം മുതൽ

അത്തം പത്തിനു തിരുവോണം
മുറ്റം ചെത്തിയൊരുക്കേണം
പത്തായത്തിലെ പുന്നെല്ല്
ചിത്തിര നാളിലെടുക്കേണം
ചോതിപുഴുങ്ങി, വിശാഖമുണക്കി
അനിഴം നാളിൽ കുത്തേണം.

കേട്ടക്കല്ലോ നെട്ടോട്ടം
കണ്ടതു കടിയതു വാങ്ങേണം
മൂലം നാളിൽ മുറ്റത്ത്
പൂക്കളമിട്ടു നിറയ്ക്കേണം.

പൂരാടത്തിൻ പൊടിപൂരം
ഇടിപൊടി താളത്തുടിമേളം
ഇഞ്ചിയുമച്ചാറഞ്ചുവിധം
പൂരാടത്തിനൊരുക്കേണം.

ഒന്നാമോണമതുത്രാടം
ഉച്ചതിരിഞ്ഞാൽ വെപ്രാളം
വെപ്രാളത്തിലിരുട്ടി വെളുത്താൽ
എല്ലാവർക്കും തിരുവോണം.

ടോമി ഇഗ്നേഷ്യസ്
അയച്ചുതന്നത്

## കണ്ണീർ പ്രണാമം!!!





# അമ്മിണി ശിവരാമൻ



അമ്മിണി ശിവരാമൻ

സ്വയം വിരമിച്ച എസ്.ബി.ഐ. റിട്ട. ചീഫ് മാനേജർ വി.ബി.ബിനിമോളുടെ ഭർതൃമാതാവ് അമ്മിണി ശിവരാമൻ, ശരണ്യ, കണ്ടത്തിൽ പറമ്പിൽ, തലയോലപ്പറമ്പ 81 വയസ്സ് നിര്യാതയായി എന്ന ദു:ഖകരമായ വാർത്ത വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു.. ` ഭർത്താവ്: :പരേതനായ ശിവരാമൻ. മക്കൾ: കെ.എസ്.വിനോദ്, റിട്ട. ദേവസ്വം ഡെ. കമ്മീഷണർ, സലിൻ കുമാർ എഞ്ചിനീയർ, (ദുബായ്), വി.ബി.ബിനിമോൾ (എസ്.ബി.ഐ.റിട്ട. ദുബായ്.) കെ.എസ്.ബിന്ദു (അദ്ധ്യാപിക, കെ.എം. എച്ച്.എസ്. വെള്ളൂർ) കെ.എസ്.സ്മിത (അദ്ധ്യാപിക, എസ്.എൻ.റ്റി.റ്റി.സി. കരുനാഗപ്പള്ളി) മരുമക്കൾ: പി.ആർ.റാണി, കെ.എ.ബിജോയ്, ഡി.രാജീവ് കുമാർ. സംസ്കാരം 7–ാം തിയതി ഞായറാഴ്ച്ച 10 മണിക്ക് വീട്ടുവളപ്പിൽ നടത്തി. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# കെ.രാജശേഖരൻ നായർ



കെ.രാജശേഖരൻ നായർ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ തിരുവനന്തപുരം അസി. ജനറൽ സെക്രട്ടറി രാജചന്ദ്രൻ നായരുടെ സഹോദരൻ കെ.രാജശേഖരൻ നായർ നിര്യാതനായ വിവരം ഖേദപൂർവം റിപ്പോർട്ട് ചെയ്യുന്നു. തിരുവനന്തപുരം ഡി.ജി.എസ്. എം.എസ്.ഐയ്യർ, ജില്ലാ പ്രസിഡന്റ് എ.ആർ.സോമനാഥൻ പിളള, രക്ഷാധികാരി ജോൺ ജോസഫ്, ജില്ലാ സെക്രട്ടറി വി.എൽ.ജോസഫ് എന്നിവർ പരേതന്റെ ചെമ്പഴന്തിയിലുള്ള ഭവനത്തിലെത്തി ആദരാഞ്ഞലികളർപ്പിക്കുകയും കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# കെ.വി.അരവിന്ദാക്ഷൻ



കെ.വി.അരവിന്ദാക്ഷൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ യൂണിറ്റ് അംഗം തളിപ്പറമ്പ്, തൃച്ചംബരം വിദ്യാനഗറിലെ അനശ്വരയിൽ കെ.വി.അരവിന്ദാക്ഷൻ കണ്ണൂർ മിംസ് ഹോസ്പിറ്റലിൽ വച്ച് നിര്യാതനായ വിവരം അത്യന്തം വ്യസനത്തോടെ റിപ്പോർട്ട് ചെയ്യുന്നു. 72 വയസ്സായിരുന്നു.

ഭാര്യ: ഗൗരി. മക്കൾ: സജിൻ (ദുബായ്), ലക്ഷ്മിശ്രീ (എസ്.ബി.ഐ.) മരുമക്കൾ: ധന്യ, പ്രസന്നൻ സഹോദരങ്ങൾ: കോമളവല്ലി, ശശീന്ദ്രൻ (റിട്ട. എസ്.ബി.ഐ) വിശ്വനാഥൻ, പരേതനായ പ്രേംകുമാർ. സംസ്കാരം 7–ാം തിയതി ഞായറാഴ്ച്ച 11 മണിക്ക് പട്ടപ്പാറയിൽ നടത്തി. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# ജോൺ.എ.ഡബ്ല്യു



ജോൺ.എ.ഡബ്ല്യു

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗം ജോൺ. എ. ഡബ്ല്യു നിര്യാതനായി എന്ന ദു:ഖകരമായ വാർത്ത അിറയിക്കുന്നു. 94 വയസ്സായിരുന്നു. എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ ആദരാഞ്ജലികൾ അർപ്പിച്ചു കൊള്ളുന്നു. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുകയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു

# ആന്റണി തോമസ് പാലക്കൽ

കോട്ടയം ജില്ലയിലെ വൈക്കത്തുകാരനായ എറണാകുളം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ജോസഫ് പാലക്കന്റെ സഹോദരൻ ജോർജ്ജ് തോമസ് പാലക്കന്റെ പ്രിയ മകൻ ടോണിയെന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന ആന്റണി തോമസ് പാലക്കൽ ഗുരുതരമായ ഹൃദയാഘാതത്തെത്തുടർന്ന് അവിചാരിതമായി അന്തരിച്ചുവെന്ന അത്യന്തം ദു:ഖകരമായ വാർത്ത ഹൃദയഭാരത്തോടെ റിപ്പോർട്ട് ചെയ്യുന്നു.



ആന്റണി തോമസ് പാലക്കൽ

**കേവലം 29 വയസ്സു മാത്രമേ ആയിരുന്നുള്ളു. ജർമ്മനിയിൽ ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിലെ സമർത്ഥനായ ഉദ്യോഗസ്ഥനായിരുന്നു. അമ്മ:ഡോളി തോമസ്, സഹോദരി: ഡീനാ തോമസ. സംസ്കാര ശിശ്രൂഷകൾ ഓഗസ്റ്റ് 18–ാം തിയതി 10 മണിക്ക് ജർമ്മനിയിൽ വിൽസബി ബർക്കിൽ നടത്തി. എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ സന്തപ്ത കുടുംബാംഗങ്ങളോടൊപ്പം അവരുടെ തീവ്ര ദുഖത്തിൽ പങ്ക് ചേരുന്നു.**

# എ.പി.എം. കുഞ്ഞാമിന ഹസ്സൻ



**എ. പി.എം. കുഞ്ഞാമിന ഹസ്സൻ**

**ചേവായൂർ, കാവ് നഗർ എ സ്.ബി.ഐ. ഓഫിസേഴ്സ് കോളനി അനിഘറി'ൽ എ. പി.എം. കുഞ്ഞാമിന ഹസ്സൻ അന്തരിച്ചു. (80 വയസ്സായിരുന്നു) എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ** കോഴിക്കോട് **യൂണിറ്റിലെ അസോസ്സിയേറ്റ് മെമ്പർ ആയിരന്നു. ഭർത്താവ് : പരേതനായ എ സ്.വി. ഹസ്സൻ കുഞ്ഞി** (റിട്ട. **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ)** മക്കൾ : എ.പി.എം. അബ്ദുൾ റഷീദ് ( യു.എസ്.എ.) , ജമീല , അബ്ദുല്ല ( ജിദ്ദ) , ഡോ . മുഹമ്മദ് റഫീഖ് ( റിട്ട . മലബാർ ക്രിസ്ത്യൻ കോളേജ് ) , താജുദ്ദീൻ, ജബീന . മരുമക്കൾ : ഷമീറ റഷീദ് (യു.എസ്.എ.) , പി . പി . മുഹമ്മദ് അഷ്റഫ് (**റിട്ട.** സിൻഡിക്കേറ്റ് ബാങ്ക് ) , സക്കീന അബ്ദുല്ല ( ജിദ്ദ ) , ഡോ . ഷാഹിന റഫീഖ് , സജ്ന താജുദ്ദീൻ,സി.ടി. റഫീ ബിൻ അഹമ്മദ്. അവരുടെ വിയോഗത്തിൽ ദുഖിതരായ കുടുംബാംഗങ്ങളോടൊപ്പം എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്ക് ചേരുന്നു.

# ജോണി.സി.ജോസഫ്

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗം ജോർജ്ജ് ജോസഫിന്റെ പ്രിയ സഹോദരൻ ചാമക്കാലായിൽ ജോണി സി ജോസഫ് (60) നിര്യാതനായി. മൃതദേഹം 19–ാം തിയതി വൈകിട്ട് 5 മണിക്ക് അച്ചൻ കവലയിലുള്ള സ്വവസതിയിൽ കൊണ്ടു വന്നു. 20–ാം തിയതി രാവിലെ 11 മണിയ്ക്ക് മൃതദേഹശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് മൈല കൊമ്പ് സെൻ്റ് തോമസ് പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.. ഭാര്യ ബീന നാറാണത്ത് കുടുംബാംഗമാണ്.**



**ജോണി.സി.ജോസഫ്**

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# മേരി മാർക്കോസ്



മേരി മാർക്കോസ്

എസ്.ബി.ഐ. പെൻഷണേഴ്സ് അസോസിയേഷൻ, മലപ്പുറം യൂണിറ്റ് അംഗം P M സുഭാഷിന്റെ വന്ദ്യ മാതാവ് പരിയാപുരം വാഴക്കൂട്ടം മേരി മാർക്കോസ് നിര്യാതയായ വിവരം ഖേദപൂർവം അറിയിക്കുന്നു. 88 വയസ്സായിരുന്നു സംസ്കാരം 29, തിങ്കൾ വൈകീട്ട് 5 ന് പരിയാപുരം ഫാത്തിമ മാതാ ഫൊറോന ദേവാലയത്തിൽ നടത്തി.. അവരുടെ വിയോഗത്തിൽ ദുഖിതരായ കുടുംബാംഗങ്ങളോടൊപ്പം എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്ക് ചേരുന്നു.

# റിബേക്ക ചാക്കോ



റിബേക്ക ചാക്കോ

എസ്.ബി.ഐ.: റിട്ട . ചീഫ് മാനേജർ ആലിസ് സുസൻ ജോർജ്ജിന്റെ ഭർതൃമാതാവ് കോട്ടയം പള്ളം മേലേടം വീട്ടിൽ റിബേക്ക ചാക്കോ (91) തിരുവനന്തപുരം നന്ദാവനം മേലേടം വീട്ടിൽ വച്ച് അന്തരിച്ചു . ഭർത്താവ് : പരേതനായ പ്രൊഫ പി.സി.ചാ ക്കോ ( മുൻ മെക്കാനിക്കൽ എൻജിനിയറിങ് മേധാവി , സി.ഇ.ടി. ) . മക്കൾ : പി.സി. ചാക്കോ (റിട്ട .എക്സി.എൻജിനിയർ, വാട്ടർ അതോറിറ്റി) , നോബിൾ ചാക്കോ ( എൻജിനിയർ , യു.കെ. ) . മരുമക്കൾ : ആലിസ് സുസൻ ജോർജ് (എസ്.ബി.ഐ റിട്ട . ചീഫ് മാനേജർ),. ഡോ . സുമാ ചാണ്ടി ( ഗൈനക്കോളജിസ്റ്റ് യു.കെ.), സംസ്കാരം 31 ന് ബുധനാഴ്ച വൈകീട്ട് മൂന്നിന് വസതിയിലെ ശുശ്രൂഷകൾക്കുശേഷം 3.30 ന് തിരുവനന്ത പുരം പാളയം ക്രൈസ്റ്റ് ചർച്ച് സെമിത്തേരിയിൽ നടത്തി..

**ഉപദേശക സമിതി**

**കെ.രാജീവൻ**

**സംസ്ഥാന പ്രസിഡന്റ്**

**എ.ജയകുമാർ**

**സംസ്ഥാന സെക്രട്ടറി**

**പത്രാധിപസമിതി**

**രക്ഷാധികാരി**

**മാത്യു അടയ്ക്കമുണ്ട ക്കൽ**

**മാനേജിംഗ് എഡിറ്റർ**

**എം.ജി.രാഘവൻ**

**ചീഫ് എഡിറ്റർ**

**പി.പി.ഫിലിപ്പ്**

**പത്രാധിപ സമിതി അംഗങ്ങൾ**

**പി.എം.ജേക്കബ്**

**സി.പി.മാത്യു**

**എം.പി.പുഷ്കരൻ**

**കെ.എൻ.വിശ്വനാഥൻ നായർ**

**വി.ആർ.ബി**

**രാജൻ ജോർജ്**

**ജോർജ് ജോസഫ്**

**ത്രേസ്സ്യാമ്മ ആന്റണി**

**സണ്ണി ജോസഫ്**

**കെ. കെ.പാപ്പച്ചൻ**

**P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന എല്ലാ ആശയങ്ങളും അഭിപ്രായങ്ങളും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല.**

**ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി**

**നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു. വാർത്തകളും, ചിത്രങ്ങളും സാഹിത്യ രചനകളും വാട്ട്സാപ്പിൽ അയച്ചുതരിക.**




SBI PENSIONERS ASSOCIATION KERALA
KOTTAYAM- DISTRICT CENTRE, MARIYA BHAVAN I FLOOR,KUMARANALLOOR .P.O. KOTTAYAM Pin-686 016
Tel: 0481 25 67 373, Mobile : 9446424407, 9446046899, 9446122245
email: sbipakktym@gmail.com